23
തിങ്കൾ
ജനുവരി 2023
1198 മകരം 09
Vol0 5 Issue No: 120

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## ധോണിയെ വിറപ്പിച്ച പി.ടി 7ന് ഇനി നല്ലനടപ്പ്; കുങ്കിയാക്കാൻ പുതിയ പാപ്പാനെത്തും, പ്രത്യേക ഭക്ഷണ'മെനു'

**പാലക്കാട്:** 'പി.ടി.7'-നെ നല്ലനടപ്പ് പഠിപ്പിക്കാൻ ഇനി പുതിയ പാപ്പാനെത്തും. 'പി.ടി.7'-ന് ദൈനംദിന കാര്യങ്ങൾക്കുവരെ വനംവകുപ്പ് സമയക്രമമൊരുക്കി. നിന്നുതിരിയാൻ മാത്രം ഇടമുള്ള മരക്കൂട്ടിലാണ് കാട്ടാന ഇപ്പോൾ. കാട്ടിൽനിന്ന് ലോറിയിലെത്തിച്ച 'പി.ടി.7'-നെ മയക്കംമാറാനുള്ള മരുന്ന് കുത്തിവെച്ചശേഷമാണ് കൂട്ടിൽ കയറ്റിയത്. മയക്കം വിട്ടെഴുന്നേറ്റ 'പി.ടി.7' ആദ്യമണിക്കൂറിൽ കൂട്ടിൽ പിടിച്ചിട്ടതിന്റെ വെപ്രാളമൊക്കെ കാട്ടിക്കൂട്ടി. ആദ്യം തുമ്പിക്കൈ ഉയർത്തി കൂടിന്റെ ഏറ്റവും മുകളിലെ അഴിയിൽപ്പിടിച്ച് മുകളിലേക്ക് കയറാൻ നോക്കി. ഇത് പരാജയപ്പെട്ടതോടെ അഴികളിൽ ശക്തമായി ഇടിച്ചു. ഇത് രണ്ടും ഫലമില്ലെന്ന് കണ്ടതോടെ പിൻകാലുകൾ രണ്ടും കൂടിന്റെ അഴികൾക്ക് മുകളിലേക്ക് ഉയർത്തി തൊഴിച്ച് കൂട് മറിച്ചിടാനും ശ്രമംനടത്തി.

ഇതൊന്നും ഫലിക്കില്ലെന്ന് കണ്ടതോടെ പരമാവധി വട്ടംചുറ്റി പുറത്തിറങ്ങാൻ പഴുതുകളുണ്ടോയെന്ന് ചുറ്റിലുംനോക്കി. ഇതിനിടെ വനംവകുപ്പുകാർ 'പി.ടി.7'-നെ കാണാൻ ധോണി വനംഡിവിഷൻ ഓഫീസിലേക്ക് ആളുകളെ കയറ്റിവിട്ടു. രാത്രി മിന്നായംപോലെ നാട്ടുവഴികളിൽ കാണുന്ന 'പി.ടി.7'-നെ കൂട്ടിലായിക്കണ്ടപ്പോൾ നാട്ടുകാർക്കും കൗതുകം. പലരും ചിത്രംപകർത്താനും കൂടിനുമുന്നിൽനിന്ന് സെൽഫിയെടുക്കാനും മത്സരിച്ചു. നാട്ടുകാരോട് അത്ര പരിചയക്കുറവില്ലാത്തതിനാൽ ചിന്നംവിളിക്കാനോ മറ്റ് പ്രതിഷേധങ്ങൾക്കോ 'പി.ടി.7' മിനക്കെട്ടുമില്ല.

കുങ്കിയാക്കി മാറ്റുന്നതിനുള്ള ഒരുക്കങ്ങളുടെ ഭാഗമായി കൂട് പരിചയപ്പെടുന്നതിന് 'പി.ടി.7'-ന് ഒരാഴ്ച സമയമനുവദിക്കുമെന്ന് വനം ചീഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയ പറഞ്ഞു. പിന്നീട് പാപ്പാനെ നിയോഗിക്കും. പ്രത്യേക ഭക്ഷണ 'മെനു'വും തയ്യാറാക്കിയിട്ടുണ്ട്. ഭക്ഷണം, വെള്ളം, മരുന്ന് എന്നിവ പാപ്പാൻവഴി നൽകി ആനയെ പ്രചോദിപ്പിക്കുന്ന രീതി (പോസിറ്റീവ് ഇൻഡ്യൂസ്മെന്റ്) ആണ് നടപ്പാക്കുക. പാപ്പാനിൽ നിന്ന് ആന തീറ്റ നേരിട്ട് സ്വീകരിക്കുംവരെ ഈ രീതി തുടരും. 'പി.ടി.7'നെ മർദിക്കാതെതന്നെ അനുസരണശീലം പഠിപ്പിക്കുന്ന സമ്പ്രദായമാണ് സ്വീകരിക്കുക.

'പി.ടി.7'-ന് മനുഷ്യസമ്പർക്കം പരിചയമുള്ളതിനാൽ ഇത്തരം മാറ്റം വേഗത്തിലുണ്ടാവാം. ആരെയും കൂസാത്ത ആനയുടെ പ്രകൃതംതന്നെയാണ് കുങ്കിയാക്കി മാറ്റാനുള്ള തീരുമാനത്തിന് വനംവകുപ്പിനെ പ്രേരിപ്പിച്ചത്. നാലുമാസത്തിലേറെ പരിശീലനം വേണ്ടിവന്നേക്കാം.

### നാട് വിറച്ച രണ്ടുവർഷം

കാട്ടാനകൾ പലതും നാട്ടിലെത്തിയെങ്കിലും ജനവാസമേഖലയിൽ പതിവായി ഭീതിപടർത്തുന്ന 'പി.ടി.7' (പാലക്കാട് ടസ്കർ-7) എന്നപേര് കേട്ടുതുടങ്ങിയത് 2020 മുതലാണ്.

2020-മേയ്-മലമ്പുഴ, ധോണി, മുണ്ടൂർ തുടങ്ങിയ മേഖലകളിൽ കാട്ടാനയെത്തുന്നത് പതിവായി. ജനവാസമേഖലയ്ക്കടുത്തെത്തുന്ന ആനയെ വനംവകുപ്പ് 'പാലക്കാട് ടസ്കർ- ഏഴ്' എന്ന് വിളിച്ചുതുടങ്ങി

2021 ഡിസംബർ-15 അക്രമകാരിയായ 'പി.ടി.7'നെ തേടി വനംവകുപ്പ് ഡ്രോൺ നിരീക്ഷണം തുടങ്ങി.

2022-ജൂലായ് എട്ട്-പ്രഭാതസവാരിക്കെത്തിയ ധോണി കടുന്തുരുത്തി സ്വദേശി ശിവരാമനെ ഉമ്മിനിയിൽ കാട്ടാന ചവിട്ടിക്കൊന്നു. ആക്രമിച്ചത് 'പി.ടി.7' ആണെന്ന് നാട്ടുകാർ പറഞ്ഞെങ്കിലും അല്ലെന്നായിരുന്നു വനംവകുപ്പിന്റെ നിലപാട്. ഇതോടെ നാട്ടുകാർ ഡി.എഫ്.ഒ. ഓഫീസ് ഉപരോധിച്ചു.

2022 ജൂലായ് മുണ്ടൂർ, പുതുപ്പരിയാരം, വേലിക്കാട്, മണ്ണിൻകാട് ഭാഗങ്ങളിൽ ആനയിറങ്ങി. പ്രദേശത്തെ ബാബുവിന്റെ വീടിന്റെ ചുറ്റുമതിൽ തകർത്തു. ക്ഷീരസംഘത്തിലേക്ക് പാലുകൊണ്ടുപോവുകയായിരുന്ന രണ്ടുപേർ ആനയ്ക്കുമുന്നിൽനിന്ന് രക്ഷപ്പെട്ടത് കഷ്ടിച്ച്.

2022 നവംബർ-'പി.ടി.7'-നെ കൂടൊരുക്കി പിടിക്കാൻ പദ്ധതിയുമായി വയനാട്ടിൽനിന്നുള്ള വിദഗ്ധസംഘം പാലക്കാട്ടേക്ക്. വൈൽഡ് ലൈഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സഖറിയ ഉൾപ്പെടെയുള്ളവർ ധോണിയിലേക്ക്.

2022 നവംബർ 29-'പി.ടി.7'-നെ മെരുക്കാൻ ഭരതൻ, വിക്രം എന്നീ കുങ്കിയാനകളെ എത്തിച്ച് ആർ.ആർ.ടി. സംഘം കാട്ടിലേക്ക്.






2023 ജനുവരി-ഒന്ന് ധോണിയിൽ കൂടുനിർമിക്കാൻ പദ്ധതി തയ്യാറാക്കി.

വയനാട്ടിലേക്ക് മാറ്റില്ലെന്ന് വനംവകുപ്പ്

2023-ജനുവരി നാല്-ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവുപ്രകാരം 26 അംഗസംഘം ധോണിയിൽ കൂടുനിർമാണം തുടങ്ങി

2023 ജനുവരി എട്ട് കുങ്കിയാനകളുമായി ആർ.ആർ.ടി. സംഘം വീണ്ടും കാട്ടിലേക്ക്. രാത്രി പലഭാഗത്തും ആനയെത്തുന്നുണ്ടെങ്കിലും വലയത്തിലാക്കാൻ കഴിഞ്ഞില്ല

2023-ജനുവരി 14-ജനവാസമേഖലയിൽ രാത്രി വീണ്ടും 'പി.ടി.7' എത്തി. വ്യാപക കൃഷിനാശം. മൂപ്പെത്താത്ത നെൽപ്പാടം കൊയ്ത് കർഷകർ. തുടർന്ന് എല്ലാദിവസങ്ങളിലും ജനവാസമേഖലയിൽ വിലസി 'പി.ടി.7' 2023 ജനുവരി 19- ആനക്കൂടുനിർമാണം പൂർത്തിയായി



## ബഡ്ജറ്റ് സമ്മേളനം ഇന്നു മുതൽ

**തിരുവനന്തപുരം:** പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം ഇന്നു രാവിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിക്കും. 2023- 24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പാസാക്കുന്നതിനുള്ള സമ്മേളനം മാർച്ച് 30 വരെ നീണ്ടുനിൽക്കും. ജനുവരി 25, ഫെബ്രുവരി 1, 2 തീയതികളിൽ ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയും ഫെബ്രുവരി മൂന്നിന് ബഡ്ജറ്റ് അവതരണവുമാണ് നിശ്ചയിച്ചിട്ടിട്ടുള്ളത്.

## വരുമാനത്തിൽ വൻമുരടിപ്പ്; നികുതി വളർച്ചയിൽ കേരളം പിന്നിൽ

**തിരുവനന്തപുരം:** അഞ്ചുവർഷത്തെ കണക്കെടുത്താൽ വരുമാനത്തിൽ സംസ്ഥാനത്ത് വൻവളർച്ചാമുരടിപ്പ്. വെറും രണ്ടുശതമാനമാണ് നികുതി വരുമാനത്തിലെ വാർഷികവളർച്ച. ഇക്കാര്യത്തിൽ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ ഏറ്റവുംപിന്നിലാണ് കേരളം.

2016-'17 മുതൽ 2020-'21 വരെയുള്ള റവന്യൂ, നികുതി വരുമാനങ്ങളും റിസർവ് ബാങ്കിന്റെ ബജറ്റ് അവലോകനവും അടിസ്ഥാനമാക്കി ധനവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഈ വെളിപ്പെടുത്തൽ. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ നികുതിപിരിവിലെ വീഴ്ചയിലേക്കു വിരൽചൂണ്ടുന്ന റിപ്പോർട്ട് പരസ്യപ്പെടുത്തിയിട്ടില്ല. പ്രളയം, കോവിഡ് എന്നിവ നികുതിപിരിവിനെ ബാധിച്ചിട്ടുണ്ടെങ്കിലും അഞ്ചുവർഷത്തെ അസാധാരണ കുറവ് അപകടസൂചനയാണെന്നാണ് ധനവകുപ്പിന്റെ വിലയിരുത്തൽ. ഇതിനുപരിഹാരമായി നികുതിവരുമാനം കൂട്ടാനുള്ള നിർദേശങ്ങൾ ബജറ്റിലുണ്ടാകും.

### റവന്യൂ വരുമാനം

സർക്കാരിന് മറ്റുബാധ്യതയുണ്ടാക്കാത്ത വരുമാനമാണ് റവന്യൂ വരുമാനം. നികുതി, നികുതിയിതരവരുമാനംകൂടി ഉൾപ്പെടുന്നതാണ് ഈ തുക. 2016-'17 മുതൽ 2020-'21 വരെ 6.3 ശതമാനം മാത്രമാണ് കേരളത്തിന്റെ റവന്യൂ വരുമാന വളർച്ച. ദേശീയശരാശരി 8.1 ശതമാനമാണെന്നിരിക്കേ, അതിലും താഴെയാണ് കേരളം.ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശ് മാത്രമാണ് കേരളത്തിനുപിന്നിലുള്ളത്. അസം (16.8 ശതമാനം), ബിഹാർ (13.6 ശതമാനം), പഞ്ചാബ് (11.9 ശതമാനം) എന്നിവയാണ് വളർച്ചയിൽ മുന്നിലുള്ള സംസ്ഥാനങ്ങൾ.

തനതുനികുതിജി.എസ്.ടി., രജിസ്ട്രേഷൻ ഫീസ്, ഭൂനികുതി, പെട്രോൾ-ഡീസൽ വിൽപ്പനനികുതി, എക്സൈസ് നികുതി തുടങ്ങിയവയാണ് തനതുവരുമാനം. തനതു നികുതിവരുമാനവളർച്ചയിൽ ദേശീയതലത്തിൽ രണ്ടാംസ്ഥാനത്താണ് ദക്ഷിണേന്ത്യയിലെ തെലങ്കാന(11.2 ശതമാനം). അസം(11.5 ശതമാനം), ബിഹാർ(9.4 ശതമാനം) എന്നിവയാണ് മുന്നിലുള്ള മറ്റുസംസ്ഥാനങ്ങൾ. ദേശീയശരാശരി വളർച്ച 6.3 ശതമാനം. കേരളത്തിൽ രണ്ടുശതമാനം മാത്രം.

മൂലധനച്ചെലവിലും പിന്നിൽആസ്തിയും അടിസ്ഥാന സൗകര്യനവും വികസിപ്പിക്കാനുള്ള മൂലധനച്ചെലവിൽ (ക്യാപിറ്റൽ എക്സ്പെൻഡിച്ചർ) പിന്നിലാണ് കേരളം. മൂലധനച്ചെലവ് പത്തുശതമാനത്തിൽ താഴെയുള്ള പഞ്ചാബ്, പശ്ചിമബംഗാൾ, രാജസ്ഥാൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ് കേരളത്തിന്റെ സ്ഥാനം. 2016-17-ൽ 9.89 ശതമാനമായിരുന്ന മൂലധനച്ചെലവ് 2020-21-ൽ 9.28 ശതമാനമായി കുറഞ്ഞു.



### ആരോഗ്യവകുപ്പിലെ താക്കോൽ സ്ഥാനങ്ങൾ :

## എം.ബി.ബി.എസുകാരെ ഒഴിവാക്കാൻ നീക്കം


**തിരുവനന്തപുരം :** ആരോഗ്യ വകുപ്പിലെ ഡയറക്ടർ, 14 അഡിഷണൽ ഡയറക്ടർ, 14 ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികകളിലെ നിയമനത്തിൽ സീനിയോരിറ്റിയും അർഹതയുമുള്ള എം.ബി.ബി.എസുകാരെ ഒഴിവാക്കാൻ അണിയറ നീക്കം .പബ്ലിക്ക് ഹെൽത്ത് കേഡറിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മൂന്ന് അഡീഷണൽ ഡയറക്ടർ തസ്തികകളും ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ഒരു അഡീഷണൽ അല്ലെങ്കിൽ ഡെപ്യൂട്ടി ഡി.എം.ഒ തസ്തികയും സൃഷ്ടിക്കുന്നതിന്റെ മറവിലാണ് ചരടുവലി.

കേന്ദ്ര നിർദ്ദേശ പ്രകാരം പബ്ലിക്ക് ഹെൽത്ത് കേഡർ സജ്ജമാക്കേണ്ടത് സീനിയോരിറ്റിയുള്ള എം.ബി.ബി.എസ്

ഡോക്ടർമാർക്ക് പുറമെ കമ്മ്യൂണിറ്റി മെഡിസിൻ എം.ഡി, എം.പി.എച്ച് (മാസ്റ്റർ ഓഫ് പബ്ലിക്ക് ഹെൽത്ത്) ഡി.പി.എച്ച് (ഡിപ്ലോമ ഇൻ പബ്ലിക്ക് ഹെൽത്ത്) എന്നീ കോഴ്സുകൾ പാസായവരെയും ഉൾപ്പെടുത്തിയാണ് . എന്നാൽ, സംസ്ഥാനത്ത് ഈ കേഡർ രൂപീകരണം സംബന്ധിച്ച ചർച്ചകളിൽ നിന്ന് എം.ബി.ബി.എസ്

ഡോക്ടർമാരെ ഒഴിവാക്കുന്നുവെന്നാണ് പരാതി. കമ്മ്യൂണിറ്റി മെഡിസിൻ എം.ഡി,എം.പി. എച്ച്,ഡി.പി.എച്ച് ഡിപ്ലോമ കോഴ്സുകൾ പാസായവരെ മാത്രം ഈ തസ്തികകളിൽ നിയമിക്കാനുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കാനുള്ള നീക്കത്തിലാണ്.

-ഋ9ആശുപത്രികളിൽ വേണ്ടത്ര പ്രവൃത്തി പരിചയമില്ലാതെ, ഉയർന്ന കോഴ്സുകൾ പാസായവർ സീനിയർ എം.ബി.ബി.എസ് ഡോക്ടർമാരുടെ തലപ്പത്തെത്തുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നാണ് ആക്ഷേപം. നിലവിൽ 30 വർഷം സർവീസുള്ള ഡോക്ടർമാരുടെ സർവീസ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നത് 10 വർഷം പോലും സർവീസില്ലാത്തവരാണ്.












സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## മന്ത്രി പ്രഖ്യാപനം മാത്രം ഒന്നും നടക്കുന്നില്ല

പ്രസവശസ്ത്രക്രിയയ്ക്കിടെ ഡോക്ടറുടെയും മറ്റും അശ്രദ്ധകൊണ്ട് ഹർഷീന എന്ന യുവതി വയറ്റിൽ കത്രികയുമായി ജീവിച്ചത് ദിവസങ്ങളോ ആഴ്ചകളോ അല്ല. സുദീർഘമായ അഞ്ചുവർഷമാണ്. ചികിത്സയ്ക്കിടെയുണ്ടാകുന്ന പിഴവുകൾ നമ്മുടെ നാട്ടിൽ അസാധാരണമല്ല. ചികിത്സയ്ക്കെത്തി ആശുപത്രി പിഴവുകൾ കാരണം അല്പായുസുകളാകുന്ന അനവധി പേരുണ്ട്. അവരുടെ കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കുമുണ്ടായ സ്വകാര്യ നഷ്ടമെന്നതിനപ്പുറം അത് വലിയ കുറ്റകൃത്യമായോ പാതകമായോ വളരാറില്ലെന്നതാണ് വാസ്തവം. ആദ്യം ചില പൊട്ടിത്തെറിയൊക്കെ ഉണ്ടായേക്കാം. പിന്നീട് കെട്ടടങ്ങും

കോഴിക്കോട് അടിവാരം സ്വദേശിനി ഹർഷീനയുടെ വയറ്റിൽ കത്രിക കുടുങ്ങിയ കാര്യം അഞ്ചുവർഷം കഴിഞ്ഞപ്പോഴാണ് അറിയുന്നത്. കഠിനമായ വേദനയും രോഗാവസ്ഥയും മൂർച്ഛിച്ചപ്പോൾ നടത്തിയ പരിശോധനയിലാണ് അത് വെളിപ്പെട്ടത്. പ്രസവത്തിന് പ്രവേശിപ്പിക്കപ്പെട്ട കോഴിക്കോട് മെഡിക്കൽ കോളേജിനു സംഭവിച്ച ഗുരുതരവീഴ്ച കണ്ടുപിടിക്കുന്നതുവരെ യുവതി വളരെയധികം വേദന സഹിച്ചു. കഴിഞ്ഞവർഷം സെപ്തംബർ 17ന് ഇതേ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ നടത്തി കത്രിക പുറത്തെടുത്തശേഷവും ശാരീരികാവശതകൾ സഹിക്കേണ്ടിവന്നു. സാധാരണഗതിയിൽ ആശുപത്രിയുടെ അനാസ്ഥ കണക്കിലെടുത്ത് ഹർഷീനയ്ക്ക് ഭീമമായ നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുള്ളതാണ്. വീഴ്ചവരുത്തിയ ഡോക്ടർ ഉൾപ്പെടെയുള്ളവർക്കെതിരെ ക്രിമിനൽ കേസെടുക്കാനും വകുപ്പുണ്ട്. എന്നാൽ അതൊന്നുമുണ്ടായില്ല. ഹർഷീനയുടെ ദുരിതകഥ വാർത്തയായതോടെ ആദ്യം മെഡിക്കൽ കോളേജ് അധികൃതർ ഒരന്വേഷണം നടത്തി കാര്യങ്ങൾ അവസാനിപ്പിക്കാനാണ് നോക്കിയത്. അതിനെതിരെ പ്രതിഷേധമുണ്ടായപ്പോൾ ആരോഗ്യവകുപ്പിന്റെ വകയായി പുതിയ അന്വേഷണം. ഹർഷീനയ്ക്ക് അനുകൂലമായ റിപ്പോർട്ടാണ് ഈ അന്വേഷണസംഘം സമർപ്പിച്ചത്.

വിചിത്രമായ കാര്യം ഈ റിപ്പോർട്ട് ഇതുവരെ ആരോഗ്യവകുപ്പ് പുറത്തുവിട്ടിട്ടില്ലെന്നതാണ്. ആരോഗ്യമന്ത്രി വീണാജോർജ് ഹർഷീനയെ നേരിട്ടുവിളിച്ച് ഒരാഴ്ചയ്ക്കകം പരാതിയിൽ തീർപ്പുണ്ടാക്കാമെന്ന് ഉറപ്പുനൽകിയതാണ്. ആരോഗ്യവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ പുതിയ അന്വേഷണം നടക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഒന്നും നടന്നില്ല.

ഈ നീതിനിഷേധത്തിനെതിരെ തിങ്കളാഴ്ച മുതൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്കു മുന്നിൽ നിരാഹാര സമരം തുടങ്ങാൻ തീരുമാനിച്ചിരിക്കുകയാണ്.

മന്ത്രി നൽകുന്ന ഉറപ്പ് ഭരണകൂടത്തിന്റെ ഉറപ്പായാണ് ജനങ്ങൾ കാണുന്നത്. അതിനു ഒരു വിലയുമില്ലെന്നു വന്നാൽ പരാതിക്കാർ ആരെയാണ് ആശ്രയിക്കേണ്ടത്. മന്ത്രിമാർ വലിയ ജോലിത്തിരക്കുള്ളവരാകും. ഇതുപോലെ ഒറ്റപ്പെട്ട വ്യക്തികളുടെ പരാതി പരിഹരിക്കാൻ സമയമോ കാലമോ ഉണ്ടായെന്നു വരില്ല. എന്നാൽ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രശസ്തമായ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുണ്ടായ അത്യധികം ഗുരുതരമായ വീഴ്ചയുടെ ഉത്തരവാദിത്വത്തിൽ നിന്ന് വകുപ്പുമന്ത്രിക്ക് എങ്ങനെ ഒഴിഞ്ഞുനില്ക്കാൻ സാധിക്കും. വേറൊരു രാജ്യത്തായിരുന്നെങ്കിൽ സർക്കാർ കോടികൾ നഷ്ടപരിഹാരമായി നല്കേണ്ടിവരുമായിരുന്ന അപൂർവ കേസാണിതെന്ന് ഓർക്കണം. ചികിത്സാപ്പിഴവിന്റെ പേരിൽ രോഗികളുടെ ആൾക്കാർ ആശുപത്രികളെയും ജീവനക്കാരെയും ആക്രമിച്ചാൽ നടപടിയെടുക്കാൻ നിയമങ്ങളുണ്ട്. പക്ഷേ ആശുപത്രികളിലെ വീഴ്ചകൾ കാരണം രോഗികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്താൻ ഇരകൾ കോടതികളെ ശരണം പ്രാപിക്കേണ്ടിവരും. സർക്കാരിന്റെ ഔദാര്യത്തിനു കാത്തുനില്ക്കാതെ ഹർഷീന നിയമവഴി തേടുന്നതാകും അഭിലഷണീയം. നിയമബോധമുള്ളവർ അതിനായി അവർക്ക് സകല സഹായവും പിന്തുണയും നല്കണം



## റിപ്പബ്ലിക് ദിന പരേഡിൽ ആദ്യമായി വ്യോമസേനയുടെ ഗരുഡ് കമാൻഡോകൾ പങ്കെടുക്കും

ന്യൂഡൽഹി: ഇത്തവണത്തെ റിപ്പബ്ലിക് ദിന പരേഡിൽ ഇന്ത്യൻ വ്യോമസേന (ഐഎഎഫ്) യുടെ ഗരുഡ് സ്പെഷ്യൽ ഫോഴ്സ് ആദ്യമായി പങ്കെടുക്കും. പരേഡിൽ സ്ക്വാഡ്രോൺ ലീഡർ പി.എസ്. ജയ്താവത് ഗരുഡ് ടീമിനെ നയിക്കും. സ്ക്വാഡ്രോൺ ലീഡർ സിന്ധു റെഡ്ഡി കോണ്ടിജെന്റ് കമാൻഡറായി ചുമതല നിർവഹിക്കും.

പ്രത്യേക സൈനിക വിഭാഗങ്ങളുടേയും തദ്ദേശ നിർമിത മിസൈലുകൾ ഉൾപ്പെടെയുള്ള സൈനികോപകരണങ്ങളുടേയും പ്രദർശനം റിപ്പബ്ലിക് ദിനപരേഡിൽ ഒരുക്കുന്നുണ്ട്. നാവികസേനയുടെ ചാരവിമാനം ഐഎൽ 38 ഇക്കൊല്ലം ആദ്യമായി കർത്തവ്യപഥിന് മുകളിലൂടെ പറക്കും. ഒരുപക്ഷേ, ഡീകമ്മിഷൻ ചെയ്യപ്പെട്ട ഈ സൈനികവിമാനത്തിന്റെ അവസാന പരേഡ് പറക്കൽ കൂടിയാകും ഇത്.

വ്യോമസേനയുടെ 45 വിമാനങ്ങളും നാവികസേനയുടെ ഒരു വിമാനവും കരസേനയുടെ നാല് ഹെലികോപ്ടറുകളും വ്യോമാഭ്യാസപ്രകടനത്തിൽ പങ്കെടുക്കുമെന്ന് വിങ് കമാൻഡർ ഇന്ദ്രനീൽ നന്ദി പറഞ്ഞു. മിഗ്–29, റാഫേൽ, ജാഗ്വാർ, എസ് യു–30 തുടങ്ങിയ വിമാനങ്ങൾ ചേർന്നൊരുക്കുന്ന നിരവധി ഫോർമേഷനുകൾ ഇക്കുറി വ്യോമാഭ്യാസപ്രകടനത്തിലുണ്ടാവും.

സ്ക്വാഡ്രോൺ ലീഡർ സിന്ധു റെഡ്ഡി നയിക്കുന്ന വിഭാഗത്തിൽ ഫ്ളൈറ്റ് ലെഫ്റ്റനന്റുമാരായ ആയുഷ് അഗർവാൾ, തനൂജ് മാലിക്, പ്രധാൻ നിഖിൽ എന്നീ വിദഗ്ധ വ്യോമാഭ്യാസികളുണ്ടാകും. ഏറ്റവും മികച്ച മാർച്ചിങ് വിഭാഗത്തിനുള്ള ട്രോഫി 2011, 2012, 2013, 2020, 2022 (പോപ്പുലർ ചോയ്സ്) വർഷങ്ങളിൽ വ്യോമസേന നേടിയിട്ടുണ്ട്.

72 സംഗീതജ്ഞരും മൂന്ന് ഡ്രം മേജർമാരും ഉൾപ്പെടുന്ന എയർഫോഴ്സ് ബാൻഡ് കോണ്ടിജെന്റാണ് മാർച്ചിങ് ട്യൂണുകൾ വായിക്കുന്നത്. വാറന്റ് അശോക് കുമാറാണ് ബാൻഡിനെ നയിക്കുന്നത്. കഴിഞ്ഞ 28 കൊല്ലമായി റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന അശോക് കുമാർ 16 കൊല്ലമായി കോണ്ടിജെന്റിനെ നയിക്കുന്നു.

രാഷ്ട്രപതി ദേശീയ പതാക ഉയർത്തുന്നതോടെയാണ് കർത്തവ്യപഥിൽ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ആരംഭിക്കുന്നത്. ഇത്തവണ ഫ്ളൈറ്റ് ലെഫ്റ്റനന്റ് കോമൾ റാണിയാണ് പതാക ഉയർത്തൽ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സഹായിക്കുന്നത്.


## ലോകത്തെ മുഴുവൻ പ്രശ്നങ്ങൾക്കും കാരണം പശുക്കടത്തും ഗോവധവുമെന്ന് ഗുജറാത്തിലെ ജഡ്ജി



ന്യൂഡൽഹി: ഗോവധം അവസാനിച്ചാൽ ലോകത്തെ എല്ലാ പ്രശ്നങ്ങളും തീരുമെന്ന് ഗുജറാത്ത് ജഡ്ജി. പശുക്കടത്തിന് അറസ്റ്റിലായ മുഹമ്മദ് അമീന് ജീവപര്യന്തം തടവുശിക്ഷ വിധിച്ചുകൊണ്ടാണ് ഗുജറാത്തിലെ താപി ജില്ലാ കോടതിയിലെ ജഡ്ജി സമീർ വിനോദ്ചന്ദ്ര വ്യാസിന്റെ പരാമർശം.കഴിഞ്ഞ നവംബറിൽ വന്ന വിധി ഇപ്പോഴാണ് ചർച്ചയായത്. 22-കാരനായ മുഹമ്മദ് അമീന് ജീവപര്യന്തം തടവും അഞ്ചുലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ചു. ലോകത്തിലെ പ്രശ്നങ്ങളുടെ മുഴുവൻ കാരണവും പശുക്കടത്തും ഗോവധവുമാണെന്ന പ്രസ്താവനയും ജഡ്ജി നടത്തി.

'പശുവിന്റെ ഒരുതുള്ളി രക്തം വീഴാത്ത ദിവസം ഭൂമിയിലെ പ്രശ്നങ്ങൾ മുഴുവൻ അവസാനിക്കും. മനുഷ്യരിൽ കോപവും ദേഷ്യവും വർധിക്കുന്നത് പശുക്കളെ കൊല്ലുന്നതിനാലാണ്. പശുക്കളുടെ സന്തോഷം നഷ്ടമാകുമ്പോൾ സമ്പത്തും സ്വത്തും നഷ്ടമാകും' -ജഡ്ജി പറഞ്ഞു. വിധിയിൽ പാൽ, തൈര്, നെയ്യ്, ചാണകം, ഗോമൂത്രം എന്നിവയെ പ്രശംസിക്കുന്നുണ്ട്. 16 പശുക്കളെ കടത്തിയ കേസിനാണ് അമീൻ 2020-ൽ അറസ്റ്റിലായത്. പശുക്കൾക്ക് ഇരിക്കാനും ഭക്ഷണത്തിനും വെള്ളത്തിനും സൗകര്യമില്ലാത്തതിനാലായിരുന്നു അറസ്റ്റ്. ഗുജറാത്തിഭാഷയിലാണ് കോടതിയുത്തരവ് പുറത്തിറങ്ങിയത്.





## കൊളീജിയം വിഷയം വിടാതെ റിജിജു; മുൻജഡ്ജിയുടെ വീഡിയോയുമായി രംഗത്ത്

ന്യൂഡൽഹി: ഉന്നത ജുഡീഷ്യറിയിലേക്കുള്ള ജഡ്ജിമാരെ ജഡ്ജിമാർതന്നെ തിരഞ്ഞെടുക്കുന്ന കൊളീജിയം സമ്പ്രദായത്തിനെതിരായ ചർച്ച സജീവമാക്കിനിർത്തി കേന്ദ്ര നിയമമന്ത്രി കിരൺ റിജിജു. വിഷയത്തിൽ കേന്ദ്രസർക്കാരും സുപ്രീം കോടതിയും തമ്മിലുള്ള അഭിപ്രായ ഭിന്നത തുടരുന്നതിനിടെയാണിത്

ജഡ്ജിമാരെ സ്വയം നിയമിക്കാൻ തീരുമാനിച്ചുകൊണ്ട് സുപ്രീംകോടതി ഭരണഘടനയെ 'ഹൈജാക്ക്' ചെയ്തെന്ന് മുൻജഡ്ജി പറയുന്ന വീഡിയോ മന്ത്രി പങ്കുവെച്ചു.ഡൽഹി ഹൈക്കോടതിയിൽനിന്ന് വിരമിച്ച ജസ്റ്റിസ് ആർ.എസ്. സോധിയുടെ അഭിമുഖത്തിന്റെ വീഡിയോയാണ് മന്ത്രി സാമൂഹികമാധ്യമത്തിൽ പങ്കുവെച്ചത്. ഭൂരിഭാഗം ജനങ്ങൾക്കും തന്റെ അഭിപ്രായമാണെന്നും നിയമമുണ്ടാക്കാനുള്ള അധികാരം പാർലമെന്റിനാണെന്നും ജസ്റ്റിസ് സോധി വീഡിയോയിൽ പറയുന്നു. ഇതിനെ മന്ത്രിയും ശരിവെക്കുന്നു. ജനങ്ങൾ നൽകിയ അധികാരത്തെയും ഭരണഘടനയെയും മാനിക്കാത്തവരാണ് തങ്ങൾ ഭരണഘടനയ്ക്ക് മുകളിലാണെന്നു കരുതുന്നതെന്ന് റിജിജു അഭിപ്രായപ്പെട്ടു

## വാഹനാപകടങ്ങൾ കൂടാൻ കാരണം നല്ല റോഡുകൾ- മധ്യപ്രദേശിലെ ബിജെപി എംഎൽഎ

ഭോപ്പാൽ: വാഹനാപകടങ്ങൾ വർധിക്കുന്നത് മികച്ച റോഡുകൾ നിർമിച്ചതിനാലാണെന്ന വാദവുമായി മധ്യപ്രദേശിലെ ബി.ജെ.പി എം.എൽ.എ നാരായൺ പട്ടേൽ. മോശം റോഡുകൾ അപകടങ്ങൾ കുറയ്ക്കുമെന്ന് വിശ്വസിക്കുന്നുണ്ടോ എന്ന മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. മധ്യപ്രദേശിൽ റോഡപകടങ്ങൾ വർധിച്ചുവരുന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു ചോദ്യം. 'എന്റെ മണ്ഡലത്തിൽ വാഹനാപകടങ്ങൾ വർധിക്കുകയാണ്. മികച്ച റോഡുകൾ അമിതവേഗത്തിനും തുടർന്ന് വാഹനങ്ങളുടെ നിയന്ത്രണം നഷ്ടപ്പെടുന്നതിനും കാരണമാകുന്നു', പട്ടേൽ പറഞ്ഞു. ചിലർ മദ്യപിച്ച് വാഹനമോടിക്കുന്നതും അപകടങ്ങളിലേക്ക് നയിക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

എന്നാൽ, മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ തന്റെ അമേരിക്കൻ സന്ദർശനത്തിനിടെ അമേരിക്കയിലെ റോഡുകളേക്കാൾ മികച്ചതാണ് സംസ്ഥാനത്തെ റോഡുകൾ എന്ന് വാദിച്ചിരുന്നു. 2018-ൽ ഒരു പൊതുസമ്മേളനത്തിനിടയിലും അദ്ദേഹം ഈ വാദം ആവർത്തിച്ചിരുന്നു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

# രാജ്യത്തെ 80 ശതമാനത്തിലധികം ജനങ്ങളെയും കൊവിഡ് ബാധിച്ചു; വരും മാസങ്ങളിൽ രോഗബാധയിൽ അപകടകരമാം വിധം വർദ്ധനവുണ്ടാകുമെന്ന് ചൈന

**ബീജിംഗ്:** രാജ്യത്തെ ഭൂരിഭാഗം ജനങ്ങളെയും കൊവിഡ് ബാധിച്ചു കഴിഞ്ഞുവെന്ന് ചൈന. 80 ശതമാനം വരുന്ന ജനസംഖ്യയെ കൊവിഡ് ബാധിച്ചതായും വരുന്ന രണ്ട്, മൂന്ന് മാസങ്ങൾക്കുള്ളിൽ ചൈനയിലെ രോഗബാധ അപകടകരമാം വിധം വർദ്ധിക്കുമെന്നാണ് അന്താരാഷ്ട്ര വാർത്താമാദ്ധ്യമത്തിന്റെ റിപ്പോർട്ട്.പുതുവത്സര ആഘോഷത്തിനിടയിൽ ആളുകൾ മുൻകരുതലില്ലാതെ ഒത്തുകൂടിയതാണ് രോഗവർദ്ധനവിന് കാരണമെന്നാണ് വിവരം.ഇത് മൂലം കൊവിഡ് ബാധ രൂക്ഷമായതായും പുറത്തു വരുന്ന റിപ്പോർട്ടുകളേക്കാൾ ഭീകരമാണ് ചൈനയിലെ അവസ്ഥയെന്നുമാണ് രാജ്യാന്തര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

പുതിയ വകഭേദം മൂലം കഴിഞ്ഞ ഡിസംബർ മാസം മുതൽ ചൈനയിൽ കൊവിഡ് വ്യാപനം രൂക്ഷമാണെന്ന രീതിയിലുള്ള വാർത്തകൾ പുറത്തു വന്നിരുന്നു. ആവശ്യത്തിന് സൗകര്യങ്ങളില്ലാതെ പൊതുജനം മരണപ്പെടുന്നതും നിറഞ്ഞു കവിഞ്ഞ ആശുപത്രികളുടെയും അടക്കം വ്യാപനത്തിന്റെ രൂക്ഷത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ ഈ കാലയളവിൽ സാമൂഹ്യ-അന്താരാഷ്ട്ര മാദ്ധ്യമങ്ങളാൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.രാജ്യത്തെ കേസുകൾ വർദ്ധിച്ച് തുടങ്ങിയ സമയത്ത് കൊവിഡ് ബാധ പിടിച്ചുകെട്ടാനായി സർക്കാർ പ്രഖ്യാപിച്ച കനത്ത നിയന്ത്രണങ്ങൾക്കെതിരെ പൊതുജനം തെരുവിലിറങ്ങിയ സ്ഥിതിവിശേഷം ചൈനയിൽ ഉടലെടുത്തിരുന്നു. ഒടുവിൽ വ്യവസ്ഥകളിൽ അയവ് വരുത്താൻ ചൈനീസ് ഗവൺമെന്റ് നിർബന്ധിതരായി. കൊവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതിന് പിന്നാലെയാണ് രാജ്യത്ത് രോഗികളുടെയും മരണങ്ങളുടെയും എണ്ണത്തിൽ കുതിച്ചു ചാട്ടമുണ്ടായത്.ഈ സമയങ്ങളിലൊന്നും തന്നെ രാജ്യത്തെ രോഗവ്യാപനത്തിന്റെ തീവ്രത ഔദ്യോഗികമായി അംഗീകരിക്കാനോ കേസുകളെക്കുറിച്ചും മരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കാനോ ചൈന തയ്യാറായിരുന്നില്ല. എന്നാൽ രോഗവ്യാപനം രൂക്ഷമായതിന് പിന്നാലെ 2022 ഡിസംബർ എട്ട് മുതൽ ഈ മാസം 12 വരെയുള്ള കണക്കുകൾ ചൈന ഔദ്യോഗികമായി പങ്കുവെച്ചിരിന്നു. കണക്കുപ്രകാരം ഈ കാലയളവിൽ 59,938 മരണങ്ങളാണ് കൊവിഡ് മൂലം ചൈനയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 5,503 പേരുടെ മരണകാരണം കൊവിഡ് ബാധ മൂലമുള്ള ശ്വാസകോശ രോഗങ്ങൾ സങ്കീർണമായാണ്. ഹൃദ്രോഗസംബന്ധമായത് അടക്കം പലഗുരുതര രോഗങ്ങളുള്ള 54,435 പേരും കൊവിഡ് ബാധ മൂലം മരണപ്പെട്ടിട്ടുണ്ട്. ചൈനീസ് നാഷണൽ ഹെൽത്ത് മിഷന് കീഴിലുള്ള മെഡിക്കൽ അഡ്മിനിസ്ട്രേഷൻ ബ്യൂറോയായിരുന്നു രോഗബാധ മൂലം മരണപ്പെട്ടവരുടെ കണക്ക് പുറത്തുവിട്ടത്. ഇതിനിടയിലാണ് രാജ്യത്തെ നിലവിലെ സ്ഥിതിയെ കുറിച്ചുള്ള വാർത്തകളും പുറത്തു വന്നത്.



# ഒ പി സമയം വൈകിയ പേരിൽ ആദിവാസി മൂപ്പനും മകനും ചികിത്സ നിഷേധിച്ചെന്ന് പരാതി; വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ട് ആരോഗ്യമന്ത്രി

തൃശ്ശൂർ: അപകടത്തിൽ പരിക്കേറ്റ ആദിവാസി മൂപ്പനും മകനും ചികിത്സ നിഷേധിച്ച സംഭവത്തിൽ അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യമന്ത്രി വീണാ ജോർജ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.അപകടത്തിൽപ്പെട്ട് ചികിത്സയ്ക്കായി എത്തിച്ചവർക്ക് പുത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോ. ഗിരീഷ് ഒ.പി സമയം കഴിഞ്ഞു എന്നതിന്റെ പേരിൽ ചികിത്സ നിഷേധിച്ചു എന്ന സംഭവത്തിലാണ് റിപ്പോർട്ട് തേടിയത്. വല്ലൂർ സ്വദേശികളായ രമേശനും മകൻ വൈഷ്ണവുമാണ് വാഹനാപകടത്തിൽപ്പെട്ടതിനെ തുടർന്ന് കഴിഞ്ഞ വെള്ളിയാഴ്ച പുത്തൂരിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയെത്തിയത്. ഉച്ചയ്ക്ക് ഒന്നരയോടെ ആശുപത്രിലെത്തിച്ച് പ്രാഥമിക ചികിത്സ നൽകാനായി ആവശ്യപ്പെട്ടെങ്കിലും ഒ പി സമയം കഴിഞ്ഞെന്നായിരുന്നു മറുപടി ലഭിച്ചത്. ഈ സമയം ഡോ. ഗിരീഷ് ആയിരുന്നു ഡ്യൂട്ടിയിലുണ്ടായിരുന്നത്. അര മണിക്കൂർ ചികിത്സയ്ക്കായി കാത്തുനിന്നെങ്കിലും തർക്കിച്ച ശേഷം ഡോക്ടർ കാറുമായി മടങ്ങിയെന്നായിരുന്നു ആരോപണം. ഡോക്ടർ മടങ്ങിയതിനെ തുടർന്ന് ഇരുവരും സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. അതേസമയം രമേശനും മകനും ആശുപത്രിയിലെത്തിയ സമയം മൂത്രമൊഴിക്കാൻ പോയിരുന്നതായും തിരികെ എത്തിയപ്പോൾ വൈകിയെന്ന് ആരോപിച്ച് ബഹളം വെച്ചതായുമാണ് ആരോപണവിധേയനായ ഡോക്ടറുടെ വിശദീകരണം. തുടർന്ന് നഴ്സുമാർ ചികിത്സ നൽകാൻ തയ്യാറായെങ്കിലും ഇവർ സ്വന്തം ഇഷ്ടപ്രകാരം മടങ്ങിപ്പോവുകയായിരുന്നു എന്നാണ് ഡോക്ടറുടെ ഭാഷ്യം. വല്ലൂർ ആദിവാസി ഊരിലെ മൂപ്പനായ രമേശനും മകനും അപകടത്തിൽ പരിക്കുണ്ട്. മകന്റെ വലത് കൈയ്ക്ക് പൊട്ടലേറ്റിട്ടുണ്ട്. കേരള പൊലീസ് അക്കാദമിയിൽ ജോലി ചെയ്ത് വരുന്ന രമേശൻ സംഭവത്തിൽ പൊലീസിനെ കൂടാതെ ജില്ലാ കളക്ടറിനും ആരോഗ്യമന്ത്രിയ്ക്കും പരാതി നൽകിയിരുന്നു. തുടർന്നാണ് ആരോഗ്യമന്ത്രി വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടത്.



# ബിരിയാണി കഴിച്ചിട്ട് ഡാൻസ് കളിക്കാൻ കഴിയുമോ, കലോത്സവത്തിന് സസ്യാഹാരം നൽകുന്നതാണ് നല്ലതെന്ന് സ്പീക്കർ എ എൻ ഷംസീർ

**തിരുവനന്തപുരം :** കലോത്സവങ്ങളിൽ സസ്യാഹാരം നൽകുന്നതാണ് പ്രായോഗികമെന്ന് സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു. ബിരിയാണി കഴിച്ചിട്ട് ആർക്കെങ്കിലും ഡാൻസ് കളിക്കാൻ കഴിയുമോയെന്നും അദ്ദേഹം ചോദിച്ചു. നിയമസഭാ സമ്മേളനത്തിന് മുന്നോടിയായുള്ള വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സ്പീക്കർ. | ഞാനൊരു നോൺ വെജിറ്റേറിയനാണ്. പ്രായോഗികമായി ചിന്തിക്കുമ്പോൾ ആളുകൾ കൂട്ടമായി എത്തുന്നിടത്ത് വെജിറ്റേറിയനാണ് നല്ലത്. കുട്ടികളുടെ ശ്രദ്ധ പൂർണമായും അവർ പങ്കെടുക്കുന്ന പരിപാടികളിലായിരിക്കും, ഏതെങ്കിലും സമയത്തായിരിക്കും അവർ ഭക്ഷണം കഴിക്കുക. അതിനാൽ വെജിറ്റേറിയനാണ് കൂടുതൽ അഭികാമ്യം. വ്യക്തിയെന്ന് നിലയിലുള്ള അഭിപ്രായമാണിതെന്നും ഷംസീർ പറഞ്ഞു. ഭക്ഷണവിവാദവുമായി ബന്ധപ്പെട്ട അദ്ധ്യായം അവസാനിച്ചുവെന്നും അത് വീണ്ടും തുറക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

# ഓൺലൈൻ ലേല സ്ഥാപനത്തിന്റെ ഉടമ, സിനിമാതാരങ്ങളുടെ വിശ്വസ്തൻ നിക്ഷേപ തട്ടിപ്പുകേസിൽ അറസ്റ്റിൽ

തൃശൂർ: ചലച്ചിത്ര താരങ്ങളുടെ വിശ്വസ്തൻ നിക്ഷേപ തട്ടിപ്പ് കേസിൽ അറസ്റ്റിൽ. തൃശൂർ സ്വദേശിയും ഓൺലൈൻ ലേല സ്ഥാപനമായ സേവ് ബോക്സിന്റെ ഉടമയുമായ സ്വാതി റഹിം ആണ് അറസ്റ്റിലായത്.

സേവ് ബോക്സിന്റെ ഫ്രാഞ്ചൈസി നൽകാമെന്ന് വാഗ്ദ്ധാനം ചെയ്ത് ഒട്ടേറെ പേരിൽ നിന്ന് നിക്ഷേപങ്ങൾ വാങ്ങി തട്ടിച്ചുവെന്നാണ് ഇയാൾക്കെതിരെ പരാതി.

പ്രതിമാസം വലിയൊരു തുക ലഭിക്കുമെന്ന് ഇയാൾ നിക്ഷേപകരെ വിശ്വസിപ്പിച്ചിരുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനിടെ ഇയാളുടെ പേരിൽ നിരവധി പരാതികളാണ് നൽകിയിരിക്കുന്നത്. പലതും മദ്ധ്യസ്ഥം പറഞ്ഞുതീർക്കാനായിരുന്നു ശ്രമിച്ചത്. തൃശൂർ ഈസ്റ്റ് സ്റ്റേഷനിൽ മാത്രം മൂന്നുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സേവ് ബോക്സിന്റെ പേര് പറഞ്ഞാണ് സ്വാതി സിനിമാതാരങ്ങളുമായി ബന്ധം ഉണ്ടാക്കിയിരുന്നത്.

നിരവധി സിനിമാ താരങ്ങളടക്കം പങ്കെടുത്ത വമ്പൻ പരിപാടിയായിട്ടായിരുന്നു സേവ് ബോക്സിന്റെ ലോഞ്ചിംഗ് തൃശൂരിൽ നടത്തിയത്.

പരിപാടിയിൽ പങ്കെടുത്ത താരങ്ങൾക്ക് സമ്മാനമായി ഐ ഫോൺ നൽകിയിരുന്നു. എന്നാലിത് തട്ടിപ്പാണെന്ന് പിന്നീട് കണ്ടെത്തിയിരുന്നു. പഴയ ഐ ഫോണുകൾ പുതിയ കവറുകളിലാക്കി നൽകിയാണ് സിനിമാതാരങ്ങളെ പറ്റിച്ചത്.



# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഗർഭിണിയാക്കിയ കേസിൽ പ്രതിയെ 100 വർഷം കഠിന തടവിന് വിധിച്ചു

**പത്തനംതിട്ട :** പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് ഗർഭിണിയാക്കിയ കേസിൽ പ്രതിക്ക് 100 വർഷം കഠിനതടവ്, പ്രമാടം കൈതക്കര സ്വദേശി ബിനുവിനെയാണ് പത്തനംതിട്ട പോക്സോ കോടതി ശിക്ഷിച്ചത്.

തടവിന് പുറമെ രണ്ടരലക്ഷം രൂപ പിഴയും കോടതി വിധിച്ചു. തുക പെൺകുട്ടിക്ക് നൽകണം. ശിക്ഷ ഒന്നിച്ചോ അല്ലാതെയോ അനുഭവിക്കാം.

ഒന്നിച്ച് അനുഭവിക്കുകയാണെങ്കിൽ 80 വർഷം തടവിൽ കഴിയണം.

2020ലായിരുന്നു കേസിനാസ്പദമായ സംഭവം. ബിനുവിന്റെ വീടിന്റെ അടുത്താണ് പെൺകുട്ടിയുടെ ബന്ധുവീട്. ഇവിടെയെത്തിയ പെൺകുട്ടിയെ ഇയാൾ പീഡിപ്പിക്കുകയായിരുന്നു. ഗർഭിണിയായതോടെ ബന്ധുക്കൾ പെൺകുട്ടിയോട് കാര്യങ്ങൾ തിരക്കിയപ്പോഴാണ് പീഡനത്തിനിരയായത് അറിഞ്ഞത്. തുടർന്ന് പൊലീസിൽ പരാതി നൽകുകയായിരുന്നു. ഇതിനെതുടർന്ന് ബിനു ഒളിവിൽ പോയി. പിന്നീട് നടന്ന അന്വേഷണത്തിൽ പത്തനംതിട്ട വനിതാ പൊലീസ് ആണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പീഡനം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ വകുപ്പുകൾ ചേർത്താണ് പൊലീസ് കേസെടുത്തത്.



# പൊന്മുടിയിൽ ഹെയർപിൻ വളവിൽ കാർ താഴ്ചയിലേയ്ക്ക് മറിഞ്ഞു; മൂന്ന് വിനോദസഞ്ചാരികൾക്ക് പരിക്ക്

തിരുവനന്തപുരം: പൊന്മുടിയിൽ കാർ ഹെയർപിൻ വളവിൽ മറിഞ്ഞ് മൂന്ന് പേർക്ക് പരിക്ക്. പൊന്മുടി 12-ാം വളവിലായിരുന്നു അപകടം.

ബ്രേക്ക് ലഭിക്കാത്തതിനെ തുടർന്ന് വിനോദസഞ്ചാരികളുടെ സ്വിഫ്റ്റ് വാഹനം താഴ്ചയിലേയ്ക്ക് തലകീഴായി മറിയുകയായിരുന്നു. വൈകുന്നേരം 5.15-നാണ് അപകടമുണ്ടായത്. അപകടത്തിൽ കരമന സ്വദേശികളായ മൂന്ന് പേർക്കാണ് പരിക്കേറ്റത്. കരമനയിൽ നിന്നും നെടുമങ്ങാട് നിന്നും രണ്ട് കാറുകളിലായി പൊന്മുടിയിലെത്തിയവരാണ് അപകടത്തിൽപ്പെട്ടതെന്നാണ് വിവരം. ഹിൽടോപ്പ് സന്ദർശിച്ച ശേഷം തിരികെ മടങ്ങുമ്പോഴാണ് അപകടമുണ്ടായത്. അപകടത്തിൽപ്പെട്ട കാറിൽ അഞ്ച് പേരുണ്ടായിരുന്നു. ഇതിൽ കരമന സ്വദേശികളായ മൂന്ന് പേർക്കാണ് തലയ്ക്കടക്കം പരിക്കേറ്റത്. ഇവരെ ആദ്യം വിതുര താലൂക്ക് ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു.





പൊന്മുടി പൊലീസും വിതുര ഫയർഫോഴ്സും വിനോദസഞ്ചാരികളും ചേർന്നാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. അവധി ദിവസമായതിനാൽപൊന്മുടിയിൽ നല്ല തിരക്ക് ഉണ്ടായിരുന്നു.










# ദേശീയ സമ്മതിദായക ദിനാഘോഷം 25ന്

ദേശീയ സമ്മതിദായക ദിനാഘോഷം ജില്ലാതല ഉദ്ഘാടനം ജനുവരി 25 ബുധൻ വൈകിട്ട് 3ന് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തും. പ്രമുഖ സിനിമാ സംവിധായകൻ ടി ദീപേഷ് ഉദ്ഘാടനം ചെയ്യും. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ അധ്യക്ഷത വഹിക്കും. അന്ന് സർക്കാർ, പൊതുമേഖലാ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമ്മതിദായക ദിന പ്രതിജ്ഞയെടുക്കണമെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വോട്ടേഴ്സ് ഡേയുടെ തീമായ നത്തിംഗ് ലൈക് വോട്ടിംഗ്, ഐ വോട്ട് ഫോർ ഷുവർ എന്നത് അടിസ്ഥാനമാക്കി സംവാദങ്ങളും, ചർച്ചകളും, ക്വിസ്, സ്കിറ്റ് ആലാപന,രചനാ മത്സരങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കണമെന്നും കലക്ടർ നിർദ്ദേശിച്ചു.ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ സംസ്ഥാനതല പോസ്റ്റർ ഡിസൈൻ മത്സരത്തിൽ ടി വി സയന, (സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ എച്ച് എസ് എസ്, കണ്ണൂർ) ഒന്നാം സ്ഥാനവും പി പി അദ്വൈത്(ജി എച്ച് എസ് എസ് വടക്കുംമ്പാട്) രണ്ടാംസ്ഥാനവും നേടി. ഷോർട്ട് ഫിലിം മത്സരത്തിൽ പയ്യന്നൂർ കോളേജ് പ്രോത്സാഹന സമ്മാനത്തിന് അർഹരായി. വിജയികൾക്കുള്ള സമ്മാനം 25ന് തിരുവനന്തപുരം മഹാത്മ അയ്യങ്കാളി ഹാളിൽ നടക്കുന്ന നാഷണൽ വോട്ടേർസ് ഡേ ഉദ്ഘാടന വേദിയിൽ നൽകും.

# ഗ്ലോബൽ എക്സ്പോ - വിദ്യാർത്ഥികൾക്കായി ശുചിത്വമിഷൻ 'ഹാക്കത്തോൺ' സംഘടിപ്പിക്കുന്നു

ഖര-ദ്രവ മാലിന്യ പരിപാലന രംഗത്ത് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമായി മാറ്റുന്നതിനുള്ള ഉദ്യമങ്ങൾക്ക് ഊന്നൽ നൽകി തദ്ദേശ സ്വയംഭരണ വകുപ്പിന് വേണ്ടി ശുചിത്വമിഷന്റെ നേതൃത്വത്തിൽ ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കുന്ന ഗ്ലോബൽ എക്സ്പോ ഓൺ വേസ്റ്റ് മാനേജ്മെന്റ് ടെക്നോളജീന്റെ ഭാഗമായി കോളജ് വിദ്യാർത്ഥികൾക്കായി ഹാക്കത്തോൺ സംഘടിപ്പിക്കുന്നു.മാലിന്യ പരിപാലന മേഖലയിലെ സമകാലിക പ്രശ്ന പരിഹാരത്തിനുള്ള ആശയങ്ങൾ ഉരുത്തിരിഞ്ഞുവരികയെന്നതാണ് ഹാക്കത്തോണിലൂടെ ലക്ഷ്യം വെക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ആശയങ്ങൾ ഫെബ്രുവരി 5ന് ഗ്ലോബൽ എക്സ്പോയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നതിനൊപ്പം ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്നവർക്ക് ആകർഷകമായ ക്യാഷ് അവാർഡുകളും നൽകും. ആശയങ്ങളിലെ പുതുമയും ആഴവും, ആവിഷ്ക്കരണത്തിലുള്ള അവധാനത, പ്രാവർത്തികമാക്കുന്നതിലുള്ള സാധ്യതകൾ, പ്രായോഗികത, ഭാവിയിലെ സാധ്യതകൾ, വാണിജ്യ മൂല്യം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വിദഗ്ധരുടെ പാനലായിരിക്കും വിധി നിർണ്ണയിക്കുന്നത്. ഹാക്കത്തോണിൽ പങ്കെടുക്കാൻ അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 27. രജിസട്രേഷൻ സൗജന്യം. വെബ്സൈറ്റ് **www.suchitwamission.org**



# തലശ്ശേരിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചീകരിക്കുന്നു

ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തലശ്ശേരിയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചീകരിക്കുന്ന പ്രവൃത്തി തുടങ്ങി. നഗരസഭയുടെ ഗ്രീൻ സിറ്റി ക്ലീൻ സിറ്റി പദ്ധതി പ്രകാരമാണ് പൈതൃക നഗരിയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ശുചീകരിക്കുന്നത്. സഞ്ചാരികൾക്ക് മികച്ച അനുഭവങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ജവഹർ ഘട്ട്, തലശ്ശേരി കോട്ട എന്നിവയുടെ പരിസരം 250 പേർ ചേർന്ന് ശുചീകരിച്ചു. എസ് പി സി, സ്കൗട്ട്, ഗൈഡ്സ്, എൻഎസ്എസ് തുടങ്ങിയ വിവിധ ക്ലബ്ബുകളിലുള്ള വിദ്യാർഥികൾ, നഗരസഭ ശുചീകരണ തൊഴിലാളികൾ, ആർക്കിയോളജിക്കൽ ജീവനക്കാർ, ഗ്രീൻ തലശ്ശേരി ഗ്രൂപ്പിലെ അംഗങ്ങൾ എന്നിവർ പങ്കാളികളായി. നഗരസഭയിലെ അഞ്ച് സ്കൂളുകൾക്ക് തലശ്ശേരി പൈതൃക കേന്ദ്രങ്ങൾ ശുചീകരിക്കാനുള്ള ചുമതല നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. താൽക്കാലികമായി നിർത്തിവെച്ച പദ്ധതി കഴിഞ്ഞ ദിവസം സബ് കലക്ടർ സന്ദീപ് കുമാറിന്റെ നേതൃത്വത്തിൽ നഗരസഭയിൽ ചേർന്ന യോഗത്തിലാണ് പുനരാരംഭിക്കാൻ തീരുമാനിച്ചത്.തലശ്ശേരി സെന്റ് ജോസഫ് എച്ച് എസ് എസ്, സേക്രട്ട് ഹാർട്ട് എച്ച് എസ് എസ്, ഗവ. ബ്രണ്ണൻ എച്ച്എസ്എസ്, തിരുവങ്ങാട് ഗേൾസ് എച്ച്എസ്എസ്, ചിറക്കര എച്ച്എസ്എസ്, ഗവ ഗേൾസ് എച്ച്എസ്എസ്, ബി ഇ എം പി എച്ച്എസ്എസ്, കൊടുവള്ളി എച്ച്എസ്എസ് എന്നീ സ്കൂളുകളിലെ വിദ്യാർഥികളാണ് ശുചീകരണ പ്രവൃത്തി നടത്തുക. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന സന്ദേശം കുട്ടികളിലൂടെ പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. സ്പീക്കറും തലശ്ശേരി എം എൽ എയുമായ അഡ്വ. എ എൻ ഷംസീറിന്റെ നേതൃത്വത്തിലാണ് ഗ്രീൻ തലശ്ശേരി പദ്ധതി നടപ്പാക്കുന്നത്. ജനുവരി 28ന് തലശ്ശേരി കടൽപ്പാലം പരിസരത്തും ജനകീയ ശുചീകരണം നടത്തും. ജവഹർഘട്ട്, തലശ്ശേരി കോട്ട എന്നിവയുടെ സമീപ പ്രദേശങ്ങളിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുകയും സൗന്ദര്യവൽക്കരണ പ്രവൃത്തി നടത്തുകയും ചെയ്യും. തലശ്ശേരി കോട്ടയ്ക്കടുത്ത് നടന്ന ചടങ്ങ് സബ് കലക്ടർ സന്ദീപ് കുമാർ ഉദ്ഘാടനം ചെയ്തു. നഗരസഭ അധ്യക്ഷ കെ എം ജമുന റാണി അധ്യക്ഷത വഹിച്ചു. നഗരസഭ ഹെൽത്ത് സൂപ്പർവൈസർ പ്രമോദ്, അധ്യാപകൻ ഹെൻട്രി എന്നിവർ പങ്കെടുത്തു.










# ലീഡ് ചാമ്പ്യൻഷിപ്പ് വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി :** സ്കൂൾ എഡ്ടെക്ക് കമ്പനിയായ ലീഡ് 2022ലെ ലീഡ് ചാമ്പ്യൻഷിപ്പ് വിജയികളെ പ്രഖ്യാപിച്ചു. അൻഡുലസ് പബ്ലിക് സ്കൂളിലെ എസ്.അബ്ദുള്ള ലീഡ് ചാമ്പ്യൻഷിപ്പ്സ് 'കോഡിങ് ചാമ്പ്സ്' വിഭാഗം ഫൈനലിലെത്തി. ഇന്ത്യയിലെ ചെറു പട്ടണങ്ങളിലെ വിദ്യാർത്ഥികൾക്കു കൂടി അവസരവും നൂതന അനുഭവവും നൽകുന്ന ലീഡ് ചാമ്പ്യൻഷിപ്പ് ലീഡിന്റെ പിന്തുണയിലുള്ള സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ദേശീയ തലത്തിലുള്ള പ്ലാറ്റ്ഫോമാണ്. ലീഡ് സഹകരണത്തിലുള്ള 3000ത്തിലധികം സ്കൂളുകളിലെ പ്രീ-പ്രൈമറി മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള 1.2 ദശലക്ഷം വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതായിരുന്നു ലീഡ് ചാമ്പ്യൻഷിപ്പ്സ് 2022. ആശയവിനിമയം, സൃഷ്ടി സർഗ്ഗാത്മക ചിന്ത, സഹകരണം തുടങ്ങിയ 21-ാം നൂറ്റാണ്ടിലെ ശക്തമായ കഴിവുകൾ പരിശീലിക്കാനും പ്രകടിപ്പിക്കാനും വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിലൂടെ ലീഡ് ആഴത്തിലുള്ള ആശയപരമായ ധാരണയും സമഗ്രമായ പഠന ഫലങ്ങളും ഉറപ്പാക്കുന്നു.

# കോസ്റ്റ കോഫി അതിന്റെ റീട്ടെയിൽ സാന്നിധ്യം വിപുലീകരിക്കുന്നു

**ന്യൂഡൽഹി:** നൂതനമായ കാപ്പി അനുഭവങ്ങൾ തേടുന്ന ഉപഭോക്താക്കൾക്കുള്ള കൊക്കകോളയുടെ ഇന്ത്യയിലെ വാണിജ്യ പാനീയ വിഭാഗങ്ങളിലെ മുൻനിര കോഫി ബ്രാൻഡായ കോസ്റ്റ കോഫി, അതിന്റെ നൂറാമത്തെ സ്റ്റോർ ന്യൂഡൽഹിയിലെ ഖാൻ മാർക്കറ്റിൽ ആരംഭിച്ചു. ദേവയാനി ഇന്റർനാഷണൽ ലിമിറ്റഡുമായി പങ്കാളിത്തത്തോടെ 30 നഗരങ്ങളിൽ ശക്തമായ റീട്ടെയിൽ സാന്നിധ്യം വിപുലീകരിക്കുന്നത്.ബെസ്പോക്ക് പാനീയങ്ങളിലൂടെയും വ്യത്യസ്തമായ റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെയും കാപ്പിയെ സന്തോഷകരമായ അനുഭവമാക്കി മാറ്റുന്നതിന് പേരുകേട്ട കോസ്റ്റ കോഫി ഏറ്റവും പ്രിയപ്പെട്ട കോഫി ബ്രാൻഡായി മാറാൻ ലക്ഷ്യമിടുന്നു. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവിസ്മരണീയമായ ഒരു കോഫി അനുഭവം സൃഷ്ടിക്കുന്നതിനാണ്, കൂടാതെ രാജ്യത്തുടനീളമുള്ള കൂടുതൽ കാപ്പി പ്രേമികൾക്ക് ഈ അനുഭവം എത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നു കോസ്റ്റ കോഫിയുടെ ഇന്ത്യ & എമർജിംഗ് മാർക്കറ്റ്സ് ജനറൽ മാനേജർ പറഞ്ഞു.



# ബജറ്റിലെ മേക്ക് ഇൻ ഇന്ത്യ;

## വ്യവസായങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

**ന്യൂഡൽഹി:** കളിപ്പാട്ടങ്ങൾ, സൈക്കിളുകൾ, തുകൽ, പാദരക്ഷകൾ എന്നിവയുടെ ഉൽപ്പാദനത്തിനുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ വരുന്ന ബജറ്റിൽ സർക്കാർ വിപുലീകരിക്കാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട്.ഓട്ടോമൊബൈൽസ്, ഓട്ടോ ഘടകങ്ങൾ, വൈറ്റ് ഗുഡ്സ്, ഫാർമ, ടെക്സ്റ്റൈൽസ്, ഭക്ഷ്യ ഉൽപന്നങ്ങൾ, ഉയർന്ന കാര്യക്ഷമതയുള്ള സോളാർ പിവി മൊഡ്യൂളുകൾ, അഡ്വാൻസ്ഡ് കെമിസ്ട്രി സെൽ എന്നിവയുൾപ്പെടെ 14 മേഖലകൾക്കായി ഏകദേശം 2 ലക്ഷം കോടി രൂപ ചെലവഴിച്ച് സർക്കാർ ഇതിനകം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.ഗാർഹിക ഉൽപ്പാദനത്തെ ആഗോളതലത്തിൽ എത്തിക്കാനും ഉൽപ്പാദനത്തിൽ ആഗോള നിലവാരം കൊണ്ടുവരാനും പദ്ധതി ലക്ഷ്യമിടുന്നു,കളിപ്പാട്ടങ്ങൾ, തുകൽ തുടങ്ങിയ വിവിധ മേഖലകളിലേക്ക് പിഎൽഐ സ്കീം ആനുകൂല്യങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം അന്തിമഘട്ടത്തിലാണ്, അത് ബജറ്റിൽ ഉൾപ്പെടുത്താനുള്ള സാധ്യത ഉണ്ടെന്നും സർക്കാർ വൃത്തങ്ങൾ അറിയിച്ചു.2023-24 ലെ ബജറ്റ് ഫെബ്രുവരി ഒന്നിന് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിക്കും.ഇന്ത്യയിലെ നിർമ്മാതാക്കളെ ആഗോളതലത്തിൽ മത്സരിക്കാൻ കഴിയുന്ന രീതിയിലേക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യം സർക്കാരിനുണ്ടെന്നും അടിസ്ഥാന യോഗ്യത, അത്യാധുനിക സാങ്കേതികവിദ്യ എന്നീ മേഖലകളിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യങ്ങൾ ഈ ബജറ്റിൽ ഉൾപ്പെടുത്തുമെന്നുമാണ് സൂചന.കയറ്റുമതി വർദ്ധിപ്പിക്കുകയും ഇന്ത്യയെ ആഗോള വിതരണ ശൃംഖലയുടെ അവിഭാജ്യ ഘടകമാക്കുകയും ചെയ്യും.2022 സെപതംബർ വരെ, എൽഎസ്ഇഎം എന്നതിനായുള്ള പിഎൽഐ പദ്ധതി 4,784 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 80,769 കോടി രൂപയുടെ കയറ്റുമതി ഉൾപ്പെടെ 2,03,952 കോടി രൂപയുടെ മൊത്തം ഉൽപ്പാദനത്തിലേക്ക് നയിക്കുകയും ചെയ്തുവെന്ന് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നു.

# നാളികേര മേഖല ആശങ്കയിൽ

മഞ്ഞൾ സീസൺ ആരംഭിച്ചു, ആഭ്യന്തര വിദേശ ഡിമാൻഡിനെ ഉത്പാദകർ ഉറ്റുനോക്കുന്നു. ഉത്സവ ദിനങ്ങൾ കഴിയുന്നതോടെ രാജ്യാന്തര റബറിൽ ചൈന ശ്രദ്ധകേന്ദ്രീകരിക്കും. കുരുമുളക് മികവ് നിലനിർത്തി.നാളികേര ഉത്പാദന മേഖല തീർത്തും അസ്വസ്തമാണ്. വിളവെടുപ്പ് പുരോഗമിച്ചെങ്കിലും ഉയർന്ന വിലയ്ക്ക് ചരക്ക് വിറ്റഴിക്കാൻ ഉത്പാദകർക്കാവുന്നില്ല. മൊത്ത വിപണികളിൽ കൊപ്ര 8600 രൂപയിൽ നീങ്ങാൻ തുടങ്ങിയിട്ട് മാസം ഒന്ന് പിന്നിട്ടതിനാൽ മില്ലുകാർ സംഭരണം കുറച്ചു. ബഹുരാഷ്ട്ര കന്പനികൾ നിരക്കുതാഴ്ത്തി ക്വട്ടേഷൻ ഇറക്കാൻ ഉത്സാഹക്കുന്നതിനാൽ ചെറുകിട മില്ലുകാർ ആശങ്കയോടെയാണ് പലപ്പോഴും ചരക്കിനായി വിപണിയെ സമീപിക്കുന്നത്.വെളിച്ചെണ്ണ വില ഏതവസരത്തിലും ഇടിയുമെന്ന ഭീതിയിലാണ് സംസ്ഥാനത്തെ ചെറുകിട മില്ലുകാർ. ഇതുമൂലം എണ്ണ തിരക്കിട്ട് വിറ്റഴിക്കുന്നതും വിലക്കയറ്റത്തിന് തടസമായി. രണ്ട് മാസമായി വിപണിക്കു ശക്തമായ താങ്ങാണു ശബരിമല സീസൺ സമ്മാനിച്ചത്. കേരളം തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളിൽ പച്ചതേങ്ങയ്ക്ക് നിലനിന്ന ഡിമാൻഡ് ഇനി കുറയുമെന്നത് ദക്ഷിണേന്ത്യൻ നാളികേര വിലയിൽ പ്രതിഫലിക്കും. കൊച്ചിയിൽ വെളിച്ചെണ്ണ 13,600 രൂപയിലും തമിഴ്നാട്ടിൽ 12,050 രൂപയിലുമാണ്. വിലയിലെ വൻ അന്തരം കർഷകരെ സമ്മർദ്ദത്തിലാക്കുന്നു.വിളവെടുപ്പ് നടത്തുന്ന നാളികേരം എത്ര നാൾ അനിശ്ചിതമായി പിടിച്ചു വെക്കാൻ നമ്മുടെ ഉൽപാദകർക്കാവുമെന്ന് കാര്യം ചിന്തിക്കാൻ കൃഷി വകുപ്പ് മറന്നു. കേന്ദ്രം കൊപ്രയുടെ താങ്ങ് വില ഉയർത്തിയ സാഹചര്യത്തിൽ പച്ചതേങ്ങ സംഭരണമാണ് കേരളം ലക്ഷ്യമിടുന്നതെങ്കിൽ അതിനായി ഒരു ദിവസമെങ്കിലും മാറ്റിവെക്കാൻ കൃഷി മന്ത്രി കനിവ് കാണിക്കണം.ഒന്നും രണ്ടുമല്ല 35 ലക്ഷത്തിൽ അധികം വരുന്ന നാളികേര കർഷകരാണ് ഇവിടെയുള്ളത്. വിളവെടുപ്പ് വേളയിൽ പച്ചതേങ്ങ സംഭരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതെ ഓഫ് സീസണിൽ വമ്പൻ ഓഫറുകളുമായി രംഗത്ത് ഇറങ്ങുന്നത് ഇടനിലകാരെ സമ്പന്നരാക്കാൻ മാത്രം ഉപകരിക്കു. കേരളം കർണാടകം തമിഴ്നാട് സംസ്ഥാനങ്ങളിലെ മഞ്ഞൾ കർഷകർ വിളവെടുപ്പിൽ മുഴുകി നിൽക്കുകയാണ്. പിന്നിട്ട മാസങ്ങളിലെ കാലാവസ്ഥ വ്യതിയാനങ്ങൾ തമിഴ്നാട്ടിൽ മഞ്ഞൾ ഉൽപാദനം പ്രതീക്ഷയ്ക്ക് ഒത്ത് ഉയർത്താനായില്ല. ചില ജില്ലകളിലെ കനത്ത മഴയും വിളയെ ബാധിച്ചു. കേരളത്തിൽ മഞ്ഞൾ കൃഷി പിന്നിട്ട ഒരു വ്യാഴവട്ടമായി താരതമ്യം ചെയ്താൽ ഗണ്യമായി ചുരുങ്ങി.നമ്മുടെ ചെറുകിട മഞ്ഞൾ കർഷകർ പലരും സ്വന്തം ആവശ്യത്തിനുള്ള ചരക്ക് മാത്രം ഉൽപാദിപ്പിക്കുന്നുള്ളു. വിത്ത് ഇറക്കുന്ന വേളയിലെ വൻ വില വിളവെടുപ്പ് വേളയിൽ ഉറപ്പ് വരുത്താനാവാത്ത സ്ഥിതി പല ആവർത്തി സംഭവിച്ചത് കർഷകരെ സാമ്പത്തിക കുരുക്കിലാക്കി. മഞ്ഞൾ കൃഷിയിൽ ഭാഗ്യപരീക്ഷണം വലിയോരു പങ്ക് കർഷകരും ഇതോടെ അവസാനിപ്പിച്ചു.എന്നാൽ തമിഴ്നാട്ടിൽ കൃഷി വ്യാപകമാണ്. ഈറോഡ്-സേലം മഞ്ഞൾ ആഭ്യന്തര വിദേശ വിപണികളിൽ ഉയർന്ന അളവിൽ വിറ്റഴിക്കുന്നുണ്ട്. പൊങ്കലിനോട് അനുബന്ധിച്ച് ഈറോഡ്, സേലം ഭാഗങ്ങളിൽ വിളവെടുപ്പ് ഊർജിതമായി.ഔഷധ വ്യവസായികൾ കുർക്കുമിൻ കൂടിയ ഇനം മഞ്ഞൾ ശേഖരിക്കുന്നു. എണ്ണയുടെ അംശം ഉയർന്ന മഞ്ഞളിന് സത്ത് നിർമ്മാതാക്കളിൽ നിന്നും ഡിമാൻറ്റുണ്ട്. കൊച്ചിയിൽ ഈറോഡ് സേലം മഞ്ഞൾ 88009000 രൂപയിലാണ്.ആഭ്യന്തര വിദേശ വിപണികളിൽ നിന്നും ജാതിക്ക, ജാതിപത്രി തുടങ്ങിയവയ്ക്ക് ഡിമാൻറ്. മദ്ധ്യകേരളത്തിൽ ചരക്ക് വരവ് ചുരുങ്ങിയത് വാങ്ങൽ താൽപര്യം ഉയർത്തുമെന്ന പ്രതീക്ഷയിലാണ് കർഷകരും ഇടപാടുകാരും. കയറ്റുമതി സമൂഹത്തിന് ഒപ്പം ആഭ്യന്തര ഔഷധ, കറി മസാല നിർമ്മാതാക്കളും രംഗത്ത് ഉള്ളത് നേട്ടമായി. മദ്ധ്യകേരളത്തിലെ ചില വിപണികളിൽ ജാതിക്ക തൊണ്ടൻ കിലോ 340 രൂപയായും ജാതിപരിപ്പ് 640 രൂപ വരെയും ഉയർന്നപ്പോൾ ജാതിപത്രി 1450 രൂപയിലും ജാതി ഫളവർ 2000 രൂപ വരെയും ഉയർന്നു.പുതുവത്സരാഘോഷങ്ങൾ കഴിഞ്ഞ് അടുത്ത വാരം ചൈനീസ് വ്യവസായികൾ രാജ്യാന്തര മാർക്കറ്റിൽ നിലയുറപ്പിക്കും. ചൈനീസ് ടയർ മേഖലയിൽ നിന്നുള്ളവൻ ഓർഡറുകളുടെ വരവിനെ പ്രതീക്ഷകളോടെ ഉറ്റുനോക്കുകയാണ് ബാങ്കോക്ക് വിപണി. ബാങ്കോക്കിൽ വർഷാരംഭത്തിൽ കിലോ 134 രൂപയിൽ നീങ്ങിയ നാലാം ഗ്രേഡിന് തുല്യമായ ഷീറ്റ് വില വെളളിയാഴ്ച 142 രൂപയ്ക്ക് മുകളിലാണ്. ജാപ്പനീസ് എക്സ്ചേഞ്ചിൽ റബർ അവധി കിലോ 218 യെൻ വരെ കയറി. ചൈനയിൽ റബർ കിലോ 160 രൂപയിലാണ് നീങ്ങുന്നതെങ്കിലും ഈ വില സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ അവർ പുറത്തുവിടുന്നില്ല.സംസ്ഥാനത്ത് നാലാം ഗ്രേഡ് റബർ വില 13,900 രൂപയിൽ നിന്നും 14,100 രൂപയായി, 14,200 നും ചരക്ക് ശേഖരിക്കാൻ ചില കന്പനികൾ നീക്കം നടത്തിയെങ്കിലും വില്പനക്കാർ കുറവായിരുന്നു. തിരക്കിട്ട് വില ഉയർത്താതെ സാവധാനം വിപണിയിൽ ഇടപെടുന്ന തന്ത്രമാണ് വ്യവസായികൾ പയറ്റുന്നത്. പകൽ ചുടു മൂലം ഉദ്ദേശിക്കുന്ന വിധം മരങ്ങൾ പാൽ ചുരത്തുന്നില്ലെന്നാണ് കാർഷിക മേഖലയിൽ നിന്നുള്ള വിവരം. അതുകൊണ്ട് തന്നെ കർഷകരും പുതിയ ചരക്ക് ഓഫ് സീസണിലെ ഉയർന്ന വിലയ്ക്കായി മാറ്റിവെക്കുകയാണ്. പകൽ ചൂട് കണക്കിലെടുത്താൽ ഈ മാസം കഴിയുന്നതോടെ വെട്ടുനിർത്താൻ നിർബന്ധിതരാവുമെന്നാണ് ഉല്പാദകരുടെ പക്ഷം. അഞ്ചാം ഗ്രേഡ് കിലോ 133-138 രൂപയിലും ഒട്ടുപാൽ 98 രൂപയിലും ലാറ്റക്സ് 89 രൂപയിലും വിപണനം നടന്നു.കുരുമുളക് മികവ് നിലനിർത്തി. ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും ചെറുകിട വിപണികളിലേയ്ക്കുള്ള ചരക്ക് നീക്കം ചുരുങ്ങിയത് അന്തർസംസ്ഥാന വാങ്ങലുകാരെ അസ്വസ്ഥരാക്കുന്നു. സീസണിൽ വൻതോതിൽ ചരക്ക് സംഭരിക്കാമെന്ന നിഗമനത്തിലായിരുന്നു പലരും. എന്നാൽ, ജനുവരി ആദ്യപകുതി പിന്നിട്ടും ചരക്ക് സംസ്കരിക്കുന്നതല്ലാതെ വില്പനയ്ക്കിറക്കാൻ വലിയോരു പങ്ക് കർഷക കുടുംബങ്ങളും താല്പര്യം കാണിച്ചില്ല. കൊച്ചിയിൽ അൺ ഗാർബിൾഡ് കുരുമുളക് 49,600 രൂപയിലും ഗാർബിൾഡ് 51,600 രൂപയിലുമാണ്.

# ലോകത്തിലെ ഏറ്റവും മികച്ച ഫിനാൻസ് ആപ്പുകളുടെ പട്ടിക പുറത്തുവിട്ടു

ലോകത്തിലെ ഏറ്റവും മികച്ച ഫിനാൻസ് ആപ്പുകളുടെ പട്ടിക പുറത്തുവിട്ടതോടെ മികച്ച ആധിപത്യം പുലർത്തിയിരിക്കുകയാണ് ഇന്ത്യ.ഡാറ്റ എഐയുടെ വാർഷിക സ്റ്റേറ്റ് ഓഫ് മൊബൈൽ റിപ്പോർട്ട് പ്രകാരം, ആദ്യ പത്തിലാണ് ഇന്ത്യ ഇടം നേടിയിരിക്കുന്നത്. ഇന്ത്യയിൽ നിന്നും 2022-ൽ ഫോൺപേ, ഗൂഗിൾപേ, ബജാജ് ഫിൻസർവ്, യോനോ എസ്ബിഐ എന്നിവയെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അതേസമയം, 2022- ൽ ലോകത്തിലെ ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട ഫിനാൻസ് ആപ്പുകൾ ഇന്ത്യയിലെ ഫിൻടെക് കമ്പനികളായ ഫോൺപേ, പേടിഎം എന്നിവയാണ്.ആഗോള ടോപ 10- ൽ ബജാജ് ഫിൻസെർവ് ആറാം സ്ഥാനവും, യോനോ എസ്ബിഐ ഒമ്പതാം സ്ഥാനവും കരസ്ഥമാക്കി. 2022- ൽ മൊബൈൽ ബാങ്കിംഗ്, ഡിജിറ്റൽ വാലറ്റുകൾ ആൻഡ് പേയ്മെന്റ്, വായ്പകൾ തുടങ്ങിയവയിൽ വൻ മുന്നേറ്റമാണ് കാഴ്ച കാഴ്ചവച്ചത്. കഴിഞ്ഞ വർഷം ക്രിപ്റ്റോ വിപണി കുത്തനെ ഇടിഞ്ഞതിനാൽ, ക്രിപ്റ്റോ ട്രേഡിംഗ് ആപ്പുകൾക്ക് മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിച്ചിരുന്നില്ല.

# എണ്ണക്കമ്പനികളുടെ നഷ്ടം നികത്തിയാൽ പെട്രോളിയം വില കുറക്കും -മന്ത്രി

**വാരാണസി:** എണ്ണക്കമ്പനികളുടെ നഷ്ടം നികത്തുന്നതോടെ സമീപഭാവിയിൽ രാജ്യത്ത് പെട്രോളിനടക്കം വില കുറയുമെന്ന് പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി.യുക്രെയ്നിലെ റഷ്യൻ അധിനിവേശത്തിനു ശേഷം ആഗോളതലത്തിൽ ഊർജ ഉൽപന്നങ്ങളുടെ വില കൂടിയിട്ടും എണ്ണക്കമ്പനികൾ ഉപഭോക്താക്കൾക്ക് ഭാരമുണ്ടാക്കാതെ ഉത്തരവാദിത്തം കാണിച്ചതായി മന്ത്രി പറഞ്ഞു.കഴിഞ്ഞ 15 മാസമായി പെട്രോൾ, ഡീസൽ വില മാറ്റമില്ലാതെ തുടരുകയാണ്. ചില സംസ്ഥാനങ്ങൾ നികുതി കുറച്ച് ഉപഭോക്താക്കളുടെ ഭാരം കുറച്ചിരുന്നു. പെട്രോളിന് ലിറ്ററിന് 10 രൂപയോളം കമ്പനികൾക്ക് ലാഭമുണ്ട്.എന്നാൽ, ഡീസലിന് 10 രൂപ നഷ്ടമാണെന്നാണ് കമ്പനികളുടെ അവകാശവാദം. 2022 ജൂൺ 24ന് പെട്രോളിന് ലിറ്ററിന് 17.4ഉം ഡീസലിന് 27.7ഉം നഷ്ടമുണ്ടായെന്നാണ് കമ്പനികൾ പറയുന്നത്. ജൂണിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന് 116 ഡോളറായിരുന്നു. നിലവിൽ 82 ഡോളറാണ്.






# ബിനാലെയിലേക്ക് ജനപ്രവാഹം; ഒരുമാസത്തിൽ കലയുടെ മഹാമേളയ്ക്കെത്തിയത് 2.4 ലക്ഷം പേർ

**കൊച്ചി:** ഒരുമാസം പിന്നിടുമ്പോൾ കൊച്ചി മുസിരിസ് ബിനാലെയുടെ അഞ്ചാം പതിപ്പ് ആസ്വദിക്കാൻ ഇതുവരെയെത്തിയത് രണ്ടു ലക്ഷത്തി നാൽപ്പതിനായിരത്തിൽപരം ആളുകൾ. വിദേശത്തും പുറം സംസ്ഥാനങ്ങളിലും നിന്നുൾപ്പെടെ സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ളവർ സമകാലീന കലയുടെ മഹാമേളയിലേക്ക് പ്രവഹിച്ചു. പ്രവൃത്തി ദിവസങ്ങളിലും അനുഭവപ്പെടുന്ന ആൾത്തിരക്ക് ഈ പതിപ്പിന്റെ സവിശേഷതയായി.കല അതിന്റെ സമസ്ത തലങ്ങളിലും ജനകീയമാക്കാൻ കൊച്ചി ബിനാലെക്ക് കഴിഞ്ഞു എന്നതാണ് വർദ്ധിതമാകുന്ന ജനപങ്കാളിത്തം തെളിയിക്കുന്ന പരമപ്രധാനവും പ്രസക്തവുമായ വസ്തുതയെന്നു ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. വരേണ്യത ഉൾപ്പെടെ എല്ലാവിധ അതിരുകളും ബിനാലെ മായിച്ചുകളയുന്നു. ആർട്ട് ഗ്യാലറികളിൽ നിന്ന് സാധാരണക്കാരെ പിന്നോട്ടുവലിക്കുന്ന വരേണ്യതയുടെ പ്രതിച്ഛായ ബിനാലെയിൽ ഇല്ല എന്നുമാത്രമല്ല അത്തരം പ്രവണതകളെ ഇത് നിരാകരിക്കുകയും ചെയ്യുന്നു.എല്ലാതരക്കാർക്കും ഒത്തുചേരാനും ഭാഗഭാക്കാകാനും ഇടം ബിനാലെ ഒരുക്കിയതായും ബോസ് കൃഷ്ണമാചാരി പറഞ്ഞു. ഇതൊരു പഞ്ചനക്ഷത്ര വേദിയല്ല. മറിച്ചു വിചാരിച്ചവരെയും കല ആഡംബരമാണെന്നു തെറ്റിദ്ധരിച്ചവരെയും മാറ്റി ചിന്തിപ്പിക്കാൻ ബിനാലെയ്ക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ മുറ്റത്തേക്ക് ബിനാലെയിലൂടെ കല ഇറങ്ങിവരികയാണ്. ജനകീയ -ചിന്താ - അവബോധ - സാമൂഹ്യശാസ്ത്ര തലങ്ങളിൽ കല എത്രമാത്രം പ്രാധാന്യമുള്ളതാണെന്നും കലയുടെ സൗന്ദര്യശാസ്ത്രത്തെ കുറിച്ചും ബിനാലെയ്ക്ക് പഠിപ്പിക്കാനായി. അത് ഭേദങ്ങളില്ലാതെ മനുഷ്യമനസുകളെ സംവേദനക്ഷമമാക്കിയെന്നത് ജനത്തിരക്ക് സാക്ഷ്യപ്പെടുത്തുന്നുണ്ട് - ബോസ് കൃഷ്ണമാചാരി വിശദമാക്കി.ബഡ്സ് സ്കൂൾ മുതൽ വിവിധ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോളേജുകളിലെ വരെ വിദ്യാർത്ഥികളും ഐ എ എസ് ട്രെയിനികളും ജനപ്രതിനിധികൾ, ചിന്തകർ, അക്കാദമീഷ്യന്മാർ വിവിധരംഗങ്ങളിലെ പ്രമുഖർ, ഉയർന്ന ഉദ്യോഗസ്ഥർ, ആർട്ട് കളക്ടർമാർ, കലാവിദഗ്ദ്ധർ എന്നിവരെല്ലാം കലാസ്വാദകർക്കൊപ്പം ബിനാലെയുടെ ഭാഗമായി. കബ്രാൾ യാർഡിൽ കഴിഞ്ഞ ആറിന് തുറന്ന ബിനാലെ പവലിയൻ കാണാൻ നിരവധി പേരാണ് എത്തുന്നത്. ലോകപ്രശസ്ത വാസ്തുശിൽപി സമീര രാത്തോഡ് രൂപകൽപന ചെയ്ത 4000 ചതുരശ്ര അടി വിസ്തൃതിയിലുള്ള വിസ്മയക്കാഴ്ച നാശാവശിഷ്ടങ്ങളുടെ സാധ്യതകളിലേക്ക് വാതിൽ തുറക്കുന്നു.കബ്രാൾ യാർഡിൽ എബിസി പ്രോജക്ടിലെ ആർട്ട് റൂമുകളിൽ ദിവസേന നടക്കുന്ന വിവിധ ശില്പശാലകളിൽ പങ്കാളികളാകാനും തിരക്കേറെ. ഇവിടെ ആരംഭിച്ച തുറസ് വായനശാലയും ആകർഷകം. വിവിധഭാഷകളിലെ വർണ്ണചിത്ര പുസ്തകങ്ങൾ വായനയ്ക്ക് ലഭ്യമാണിവിടെ. വാമൊഴി കഥകളുടെ ആഖ്യാനങ്ങളുമുൾപ്പെടെ ആയിരത്തോളം പുസ്തകങ്ങൾ 'കാക്കക്കൂട് - മരച്ചോട്ടിലെ വായന' എന്ന വായനാ ഇടത്തിലുണ്ട്.രാജ്യത്തെ 22 സംസ്ഥാനങ്ങളിലെ കലാപഠന സ്ഥാപനങ്ങളിൽ നിന്നുള്ള 51 അവതരണങ്ങൾ അണിനിരത്തിയ സ്റ്റുഡന്റ്സ് ബിനാലെയുടെ നാലു വേദികളും പ്രേക്ഷക പ്രശംസ പിടിച്ചുപറ്റുന്നു. മട്ടാഞ്ചേരി വി കെ എൽ വെയർഹൗസ്,അർമാൻ ബിൽഡിംഗ്, കെ വി എൻ ആർക്കേഡ്, ട്രിവാൻഡ്രം വെയർഹൗസ് എന്നിവയാണ് കോ ലാബ്സ് എന്ന് പേരിട്ട സ്റ്റുഡന്റ്സ് ബിനാലെ വേദികൾ. ബിനാലെയുടെ പത്താം വാർഷിക വേളയിലെ പുതുമയായ കേരളത്തിലെ മലയാളി കലാകാരന്മാർക്കുമാത്രമായി ഒരുക്കിയ 'ഇടം' എന്നുപേരിട്ട എറണാകുളം ഡർബാർ ഹാൾ ആർട്ട് ഗ്യാലറിയിലെ പ്രദർശനം ഉള്ളടക്കത്തിലെ മികവുകൊണ്ട് ആസ്വാദക ശ്രദ്ധ ആകർഷിക്കുന്നു. മികച്ച 34 സമകാല കലാകാരൻമാരുടെ ഇരുന്നൂറോളം സൃഷ്ടികൾ പ്രദർശനത്തിനുണ്ട്.



# വനിതാ ഐപിഎൽ; ഫ്രാഞ്ചൈസികൾക്കായി രംഗത്തുള്ളത് 30ലധികം കമ്പനി

വനിതാ ഐപിഎലിൽ ഫ്രാഞ്ചൈസികൾക്കായി രംഗത്തുള്ളത് 30ലധികം കമ്പനികളെന്ന് റിപ്പോർട്ട്. വിവിധ ഐപിഎൽ ഉടമകകൾക്കൊപ്പം ഹൽദിറാം, എപിഎൽ അപ്പോളോ, വിവിധ സിമന്റ് കമ്പനികൾ, അദാനി ഗ്രൂപ്പ് തുടങ്ങിയ കമ്പനികളൊക്കെ ടെൻഡർ ഡോക്യുമെന്റ് വാങ്ങിയെന്ന് ക്രിക്ക്ബസ് റിപ്പോർട്ട് ചെയ്യുന്നു. ഈ മാസം 25നാണ് ഫ്രാഞ്ചൈസി ലേലം. (ംീലിെ ശുഹ രീാുമിശലെ ള്യമിരവശലെ)ഡൽഹി ക്യാപിറ്റൽസ് ടീമിന്റെ രണ്ട് ഉടമകളായ ജിഎംആർ ഗ്രൂപ്പും ജെഎസ്ഡബ്ല്യു ഗ്രൂപ്പും രണ്ട് കമ്പനികളായി വനിതാ ഐപിഎൽ ടീമിനായി രംഗത്തുണ്ട്.വനിതാ ഐപിഎലിനുള്ള പ്ലെയിങ്ങ് ഇലവനിൽ പരമാവധി അഞ്ച് വിദേശതാരങ്ങൾക്ക് കളിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു താരം അസോസിയേറ്റ് രാജ്യങ്ങളിൽ നിന്നാവണം. പുരുഷ ഐപിഎലിൽ നാല് വിദേശ താരങ്ങൾക്കേ ഫൈനൽ ഇലവനിൽ കളിക്കാൻ അനുവാദമുള്ളൂ. ആദ്യ വർഷം 12 കോടി രൂപയാണ് സാലറി ക്യാപ്പ്. വരുന്ന ഓരോ വർഷവും ഇത് ഒന്നരക്കോടി രൂപ വീതം വർധിക്കും. 2027ൽ സാലറി ക്യാപ്പ് 18 കോടിയാവും. അഞ്ച് വർഷത്തെ സൈക്കിളിൽ ആദ്യ മൂന്ന് വർഷം അഞ്ച് ടീമുകളും അടുത്ത രണ്ട് വർഷം ആറ് ടീമുകളുമാവും വനിതാ ഐപിഎലിൽ കളിക്കുക. ഈ വർഷം മാർച്ച് 4ന് ടൂർണമെന്റ് ആരംഭിക്കുമെന്നാണ് വിവരം. 26ന് ഫൈനൽ നടക്കും. മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിലും നേവി മുംബൈ സ്റ്റേഡിയത്തിലുമായാവും മത്സരങ്ങൾ. ആദ്യ സീസണിൽ ആകെ 22 മത്സരങ്ങളാണ് ഉണ്ടാവുക. ലീഗ് വിജയിക്കുന്ന ടീമിന് 6 കോടി രൂപയും ഫൈനലിൽ പരാജയപ്പെടുന്ന ടീമിന് 3 കോടി രൂപയും പ്രൈസ് മണി ലഭിക്കും. മൂന്നാം സ്ഥാനത്തുള്ള ടീമിന് 1 കോടി രൂപയാണ് സമ്മാനത്തുക.വനിതാ ഐപിഎൽ സംപ്രേഷണാവകാശം റിലയൻസ് ഗ്രൂപ്പിന്റെ വയാകോം 18 സ്വന്തമാക്കിയിരുന്നു. ഇന്ന് നടന്ന ലേലത്തിലാണ് വയാകോം അടുത്ത അഞ്ച് വർഷത്തേക്കുള്ള സംപ്രേഷണാവകാശം സ്വന്തമാക്കിയത്. 2027 വരെ വയാകോം സംപ്രേഷണം തുടരും. 951 കോടി രൂപ മുടക്കിയാണ് വയാകോം സംപ്രേഷണാവകാശം സ്വന്തമാക്കിയത്. ഓരോ മത്സരത്തിനും 7.09 കോടി രൂപയാണ് മൂല്യം.



# സച്ചിനോ കോലിയോ ആരാണ് കേമൻ?

2022 സെഞ്ച്വറിയോടെ അവസാനിപ്പിച്ച ഇന്ത്യയുടെ സ്റ്റാർ ബാറ്റർ വിരാട് കോലി 2023 നും തകർപ്പൻ തുടക്കമിട്ടിരിക്കുകയാണ്. ഈ വർഷം ഇതുവരെ 2 സെഞ്ച്വറികളാണ് മുൻ ഇന്ത്യൻ ക്യാപ്റ്റൻ നേടിയത്. ഏകദിന ക്രിക്കറ്റിൽ 46 സെഞ്ച്വറികൾ നേടി മാസ്റ്റർ ബ്ലാസ്റ്റർ സച്ചിൻ ടെണ്ടുൽക്കറിന്റെ റെക്കോഡിലേക്ക് അടുക്കുകയാണ് കിംഗ് കോലി. ഈ സാഹചര്യത്തിൽ ടെണ്ടുൽക്കറുമായി താരത്തെ വീണ്ടും താരതമ്യപ്പെടുത്തുകയാണ് സോഷ്യൽ മീഡിയ.50 ഓവർ ഫോർമാറ്റിൽ 49 സെഞ്ച്വറികളുമായി, ഏകദിന ക്രിക്കറ്റ് ചരിത്രത്തിൽ ഏറ്റവുമധികം സെഞ്ചുറി നേടിയ കളിക്കാരനെന്ന ബഹുമതി ഇതിഹാസ താരം സച്ചിന്റെ പേരിലാണ്. ഈ റെക്കോർഡ് കോലി മറികടക്കും എന്നതിൽ സംശയമില്ല. സച്ചിനും കോലിയും തമ്മിലുള്ള 'ഏഛഅഠ' സംവാദം വീണ്ടും സജീവമായതോടെ ഇന്ത്യക്ക് ആദ്യ ലോകകപ്പ് നേടിത്തന്ന ക്യാപ്റ്റൻ കപിൽ ദേവും ഇപ്പോൾ വിഷയത്തിൽ അഭിപ്രായം പറഞ്ഞിരിക്കുകയാണ്. ഗൾഫ് ന്യൂസിന് നൽകിയ അഭിമുഖത്തിലായിരുന്നു കപിൽ ദേവിന്റെ പ്രതികരണം. 24 വർഷത്തെ ക്രിക്കറ്റ് ജീവിതത്തിൽ നിരവധി റെക്കോർഡുകളാണ് മാസ്റ്റർ ബ്ലാസ്റ്റർ സ്വന്തമാക്കിയത്. ഒന്നിന് പിറകെ ഒന്നായി നിരവധി റെക്കോഡുകൾ തകർത്ത് കോലിയും അദ്ദേഹത്തിന്റെ പാത പിന്തുടരുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ രണ്ട് വ്യത്യസ്ത തലമുറകളിലെ കളിക്കാരെ താരതമ്യം ചെയ്യരുതെന്ന് കപിൽ ദേവ് പറഞ്ഞു.'11 പേരടങ്ങുന്ന ടീമാണിത്. എനിക്ക് എന്റേതായ ഇഷ്ടങ്ങളോ അനിഷ്ടങ്ങളോ ഉണ്ടാകാം, എന്നാൽ ഓരോ തലമുറയും കാലത്തിനനുസരിച്ച് മെച്ചപ്പെടുന്നു. നമ്മുടെ കാലത്തെ ഏറ്റവും മികച്ച കളിക്കാരിൽ ഒരാളായിരുന്നു സുനിൽ ഗവാസ്കർ. അതിനു ശേഷം രാഹുൽ ദ്രാവിഡിനെയും സച്ചിനെയും വീരേന്ദർ സെവാഗിനെയും കണ്ടു, ഇപ്പോൾ രോഹിതിനെയും വിരാട് കോലിയെയും കാണുന്നു. മാത്രമല്ല, വരും തലമുറ നന്നാവുകയാണ്. വരും ദിവസങ്ങളിൽ കൂടുതൽ ക്രിക്കറ്റ് താരങ്ങൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നത് കാണാം."– കപിൽ ദേവ് അഭിപ്രായപ്പെട്ടു.

# ഇന്ത്യയ്ക്കെതിരായ കനത്ത പരാജയം; ഐസിസി റാങ്കിങ്ങിൽ ആദ്യ സ്ഥാനം നഷ്ടപ്പെട്ട് ന്യൂസീലൻഡ്

ഇന്ത്യക്കെതിരായ ഏകദിന പരമ്പര അടിയറവച്ച ന്യൂസീലൻഡിന് ഐസിസി റാങ്കിങ്ങിൽ ആദ്യ സ്ഥാനം നഷ്ടപ്പെട്ടു. രണ്ടാം മത്സരത്തിലേറ്റ കനത്ത പരാജയമാണ് ന്യൂസീലൻഡിന് തിരിച്ചടിയായത്. രണ്ടാം മത്സരത്തിനു മുൻപ 115 റേറ്റിംഗുമായി ന്യൂസീലൻഡാണ് ഒന്നാം സ്ഥാനത്തുണ്ടായിരുന്നത്. മത്സരത്തിനു ശേഷം ന്യൂസീലൻഡ് 113 പോയിന്റുമായി രണ്ടാം സ്ഥാനത്തേക്കിറങ്ങി.നിലവിൽ ആദ്യ മൂന്ന് സ്ഥാനത്തുള്ള ടീമുകൾക്കും 113 പോയിന്റാണ് ഉള്ളത്. ആദ്യ സ്ഥാനത്ത് ഇംഗ്ലണ്ടും മൂന്നാം സ്ഥാനത്ത് ഇന്ത്യയുമാണ് ഉള്ളത്. രണ്ടാം ഏകദിനത്തിനു മുൻപ് 112 റേറ്റിംഗുമായി ഇന്ത്യ നാലാമതായിരുന്നു.രണ്ടാം ഏകദിനത്തിൽ ഇന്ത്യ 9 വിക്കറ്റിനാണ് വിജയിച്ചത്. ന്യൂസീലൻഡിനെ 108 റൺസിന് ചുരുട്ടിക്കൂട്ടിയ ഇന്ത്യ രോഹിത് ശർമയുടെ വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി 21ആം ഓവറിലെ ആദ്യ പന്തിൽ വിജയത്തിലെത്തി. രോഹിത് ശർമ (51) ഇന്ത്യയുടെ ടോപ്പ് സ്കോററായപ്പോൾ ശുഭ്മൻ ഗിലും (40 നോട്ടൗട്ട്) തിളങ്ങി.ടോസ് നേടിയ ഇന്ത്യ ന്യൂസിലന്റിനെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. ഇന്ത്യൻ ഫാസ്റ്റ് ബൗളർ മുഹമ്മദ് ഷമി തിളങ്ങിയ മത്സരത്തിൽ കിവിപ്പട 34.3 ഓവറിൽ 109 റണ്ണുകളിൽ ഒതുങ്ങുകയായിരുന്നു.



# ഇന്ത്യയ്ക്കെതിരെ രണ്ടാം സ്പിന്നറായി അഗറിനെ പരിഗണിക്കണം – ഡാരൻ ലീമാൻ

ഇന്ത്യയ്ക്കെതിരെയുള്ള ടെസ്റ്റ് പരമ്പരയിൽ ഓസ്ട്രേലിയയുടെ സ്പിൻ ബൗളിംഗ് കുന്തുമുന ആവുക നഥാൻ ലയൺ ആണെങ്കിലും ആഷ്ടൺ അഗറിന് പ്രഭാവം സൃഷ്ടിക്കാനാകുമെന്നും താരത്തെ രണ്ടാം സ്പിന്നറായി പരിഗണിക്കണം എന്നും പറഞ്ഞ് മുൻ ഓസ്ട്രേലിയൻ താരവും കോച്ചുമായ ഡാരൻ ലീമാൻ.18 അംഗ സംഘത്തിൽ മിച്ചൽ സ്വെപ്സണും ടോഡ് മർഫിയും ആണ് മറ്റു സ്പിന്നർമാർ. 2017ൽ സ്റ്റീവ് ഒകീഫേയെ പോലുള്ള പ്രഭാവം അഗറിന് സൃഷ്ടിക്കാനാകുമെന്നാണ് ലീമാൻ പറഞ്ഞത്. അന്ന് പൂനെ ടെസ്റ്റിൽ 12 വിക്കറ്റുകൾ നേടി ഓസ്ട്രേലിയയ്ക്ക് വിജയം സമ്മാനിക്കുകയായിരുന്നു.

# അണ്ടർ 19 വനിതാ ടി20 ലോകകപ്പ്:

## പാർഷവി ചോപ്രയുടെ മികവിൽ ഇന്ത്യ ശ്രീലങ്കയെ തോൽപ്പിച്ചു

സെൻവെസ് പാർക്കിൽ നടന്ന ഐസിസി അണ്ടർ 19 വനിതാ ടി20 ലോകകപ്പിലെ തങ്ങളുടെ രണ്ടാം സൂപ്പർ സിക്സ് മത്സരത്തിൽ പാർഷവി ചോപ്രയുടെ ലെഗ് സ്പിൻ ബൗളിംഗിന്റെ (45) ആധിപത്യം ഇന്ത്യ ശ്രീലങ്കയ്ക്കെതിരെ ഏഴ് വിക്കറ്റിന് ആധിപത്യം പുലർത്തി.കഴിഞ്ഞ മത്സരത്തിൽ ഓസ്ട്രേലിയയോട് തോറ്റതിന് ശേഷം ശക്തമായ പോരാട്ടം കാഴ്ചവെച്ച ഇന്ത്യ തിരിച്ചുവരവ് നടത്തി. സെമിയിൽ കടക്കാനുള്ള സാധ്യത വർധിപ്പിക്കാൻ അവർക്ക് ശ്രീലങ്കയെ തോൽപ്പിക്കേണ്ടിവന്നു. ചോപ്ര 5 റൺസ് മാത്രം വഴങ്ങി നാല് വിക്കറ്റ് വീഴ്ത്തി, അതിൽ ഒരു മെയ്ഡനും ഉൾപ്പെടുന്നു. ശ്രീലങ്കയെ 19.5 ഓവറിൽ 59/8 എന്ന നിലയിൽ ഒതുക്കി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 7.2 ഓവറിൽ 60/3 എന്ന നിലയിൽ വിജയം സ്വന്തമാക്കി.



EDITORS CHOICE

# നേതാജി സ്മരണയിൽ രാജ്യം; വിപുലമായ ആഘോഷങ്ങളുമായി നേതാജി സുഭാഷ് ചന്ദ്ര ബോസ് ദ്വീപ്

നേതാജിയുടെ 126–ാം ജന്മവാർഷികത്തോടനുബന്ധിച്ച് 2023 ജനുവരി 23 ന് സുഭാഷ് ചന്ദ്രബോസ് ജയന്തി 2023 ആചരിക്കും. ആസന്നമായ സ്വാതന്ത്ര്യ സമര സേനാനിയും ഐഎൻഎയുടെ നേതാവുമായ സുഭാഷ് ചന്ദ്രബോസിന്റെ ജീവിതം ആഘോഷിക്കുന്നതിനും ആദരിക്കുന്നതിനുമായി ജയന്തിയെ പരാക്രം ദിവസ് എന്നും വിളിക്കുന്നു.ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ ശക്തമായ പോരാട്ടം നടത്തി സ്വാതന്ത്ര്യ സമര പോരാളികളുടെ ഹൃദയത്തിൽ ഇടം നേടിയ വ്യക്തിയായിരുന്നു നേതാജി എന്നറിയപ്പെട്ടിരുന്ന സുഭാഷ് ചന്ദ്ര ബോസ്. രണ്ട് തവണ തുടർച്ചയായി അദ്ദേഹത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തിരുന്നു. ബ്രിട്ടീഷ് സൈന്യത്തിനെതിരെ പ്രവർത്തിക്കുന്നതിനുള്ള മികച്ച മാർഗമായി അദ്ദേഹം ആദ്യത്തെ ഇന്ത്യൻ സായുധ സേന – ആസാദ് ഹിന്ദ് ഫൗജ് സ്ഥാപിച്ചു. ശേഷം സുഭാഷ് ചന്ദ്രബോസ് ആരാണെന്ന് അറിയാത്ത വ്യക്തികൾ പോലും അദ്ദേഹത്തിന്റെ മുദ്രാവാക്യങ്ങൾ ഹൃദയത്തോട് ചേർത്ത് ബ്രിട്ടീഷുകാർക്കെതിരെ പോരാടിയിരുന്നു എന്നതാണ് വാസ്തവം.ദേശസ്നേഹം തുളുമ്പുന്ന മുദ്രാവാക്യങ്ങളായിരുന്നു നേതാജിയുടേത്. നേതാജി സുഭാഷ് ചന്ദ്ര ബോസിന്റെ126–ാം ജന്മദിനമാണ് ഇന്ന്. നേതാജിയുടെ ഓർമ്മയ്ക്കായി ജനുവരി 23 പരാക്രം ദിവസ് ആയിട്ടാണ് ആചരിക്കുന്നത്. കട്ടക്കിൽ 1897 ജനുവരി 23 നായിരുന്നു നേതാജി സുഭാഷ് ചന്ദ്ര ബോസ് ജനിച്ചത്. അദ്ദേഹത്തിന് 14 സഹോദരങ്ങളാണ് ഉണ്ടായിരുന്നത്. പഠനത്തിൽ മിടുക്കനായിരുന്നു നേതാജി മെട്രിക്കുലേഷൻ പരീക്ഷയിൽ രണ്ടാം സ്ഥാനം നേടിയിരുന്നു. സ്വാമി വിവേകാനന്ദന്റെ തത്വങ്ങളിലും കൃതികളിലും ആകൃഷ്ടനായ സുഭാഷ് ചന്ദ്ര ബോസ് തന്റെ 16–ാം വയസ്സിൽ വിവേകാനന്ദന്റെ തത്വങ്ങൾ പിന്തുടരാൻ തീരുമാനിക്കുകയായിരുന്നു. സാമൂഹിക സേവനങ്ങളിലും പരിഷ്കരണങ്ങളിലും വിവേകാനന്ദൻ നൽകിയ ശ്രദ്ധ സുഭാഷ് ചന്ദ്ര ബോസിനെ പ്രചോദിപ്പിച്ചിരുന്നു ഒപ്പം അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ സ്വാധീനിക്കുകയുമായിരുന്നു. ഹൈസ്കൂൾ പഠനാനന്തരം ഉന്നത വിദ്യാഭ്യാസത്തിനായി കൽക്കട്ട സർവകലാശാലയുടെ കീഴിലുള്ള സ്കോട്ടിഷ് ചർച്ച് കോളേജിൽ തത്വശാസ്ത്രത്തിൽ ബിഎ ഇന്ത്യൻ സിവിൽ സർവീസസിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും അദ്ദേഹം അതിൽ നിന്നും പിന്മാറുകയായിരുന്നു. ബ്രിട്ടീഷ് സർക്കാരിനെ സേവിക്കുവാൻ ആഗ്രഹമില്ലെന്ന് തുറന്നു പറഞ്ഞു കൊണ്ട് അദ്ദേഹം 1921–ൽ തന്റെ സ്ഥാനം രാജിവെച്ചു. ശേഷം ബ്രിട്ടീഷ് സർക്കാരിനെതിരെ പോരാടുവാൻ അദ്ദേഹം രംഗത്തിറങ്ങുകയായിരുന്നു. യൂത്ത് കോൺഗ്രസ് ദേശീയ അധ്യക്ഷൻ ആയിരുന്നു സുഭാഷ് ചന്ദ്ര ബോസ്. 1923 ലാണ് അദ്ദേഹം അഖിലേന്ത്യാ യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റായത്. തുടർന്ന് 1938–ൽ കോൺഗ്രസ് പ്രസിഡന്റായി എന്നാൽ 1939–ൽ ഗാന്ധിജിയുമായുള്ള അഭിപ്രായവ്യത്യാസം കാരണം കോൺഗ്രസ് അംഗത്വം അദ്ദേഹം രാജിവച്ചു. ബ്രിട്ടീഷുകാർക്കെതിരെ സായുധ വിപ്ലവത്തിന് വേണ്ടി അദ്ദേഹം വാദിച്ചപ്പോൾ, ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിന് അഹിംസാത്മകമായ സാങ്കേതിക വിദ്യകൾ മാത്രമേ പാടുള്ളു എന്ന നിലയിലായിരുന്നു ഗാന്ധിജി ഉറച്ച് നിന്നത്. ഇക്കാരണത്താലാണ് അദ്ദേഹം കോൺഗ്രസ് അംഗത്വം ഉപേക്ഷിച്ചത്. രാജ്യത്തിനു സ്വാതന്ത്ര്യം നേടി കൊടുക്കണമെന്ന് അതിയായി ആഗ്രഹിച്ച നേതാജി 11 തവണയാണ് സ്വാതന്ത്ര്യ സമരത്തിനിടെ ജയിൽവാസം അനുഭവിച്ചത്. ഇതിനിടയിൽ പത്രപ്രവർത്തകനായും ബോസ് പ്രവർത്തിച്ചു. 'സ്വരാജ്' എന്ന പത്രം ആരംഭിക്കുകയും പിന്നീട് ബംഗാളിൽ നിന്നുള്ള സഹ ദേശീയവാദിയായ ചിത്തരഞ്ജൻ ദാസിന്റെ 'ഫോർവേഡ്' എന്ന പത്രത്തിന്റെ എഡിറ്ററായും ബോസ് പ്രവർത്തിച്ചു. പിന്നെ അദ്ദേഹത്തിൻറെ സംവാദം വാർത്തകളിലൂടെയായിരുന്നു. സുഭാഷ് ചന്ദ്രബോസ് എന്ന നമ്മുടെ പ്രിയ നേതാജി അവസാനം ലോകത്തിനുമുന്നിൽ പ്രത്യക്ഷനായത് 1945 ഓഗസ്റ്റ് 18 നായിരുന്നു. വിമാനാപകടത്തിൽ ഗുരുതരമായ പൊള്ളലും പരിക്കുമേറ്റ അദ്ദേഹം മരിച്ചു എന്നാണ് പറയപ്പെടുന്നതെങ്കിലും അതിന്നും വിശ്വസിക്കാൻ കഴിയാത്ത വിഷയമായി തുടരുകയാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മരണം ഇപ്പോഴും ദുരൂഹമായി തുടരുകയാണ്. നേതാജിയുടെ ഓർമ്മ ദിവസമായ ഇന്ന് വിവിധ പരിപാടികളാണ് രാജ്യമെമ്പാടും അവതരിപ്പിച്ചിരിക്കുന്നത്. ജന്മദിന വാർഷിക പരിപാടികളിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആൻഡമാൻ നിക്കോബാറിലെ പോർട്ട് ബ്ലെയർ വീർ സവർക്കർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയിട്ടുണ്ട്. ജനുവരി 17 മുതൽ 23 വരെ പോർട്ട് ബ്ലെയറിൽ നടന്ന 'ആസാദി കാ അമൃത് മഹോത്സവ് ഐക്കോണിക് ഇവന്റ്സ് വീക്ക്' സമാപന ചടങ്ങിൽ പങ്കെടുക്കാനാണ് ഷാ ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ മുഖ്യാതിഥിയായി എത്തിയത്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ 21 പേരില്ലാത്ത ദ്വീപുകൾക്ക് പരം വീർ ചക്ര പുരസ്കാര ജേതാക്കളുടെ പേര് നൽകുമെന്ന് കേന്ദ്രം കഴിഞ്ഞ ദിവസം അറിയിച്ചിരുന്നു. നേതാജി സുഭാഷ് ചന്ദ്ര ബോസ് ദ്വീപിൽ നിർമ്മിച്ചിരിക്കുന്ന അദ്ദേഹത്തിന്റ സ്മാരകം പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിലൂടെ അനാച്ഛാദനം ചെയ്യും. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് മഹത്തായ സംഭാവനകൾ നൽകിയ നേതാജിയെ സ്മരണ പുതുക്കിക്കൊണ്ടുള്ള പരിപാടികൾ ജനുവരി 17 മുതൽ ആരംഭിച്ചിരുന്നു.





RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com